# TALENTALKS
conversation with civilizations



## സംസ്കാരം തന്നെയാണ് ഏറ്റവും വലിയ നിക്ഷേപം

A magazine from TALENMARK

**Know the next magic from the award-winning brand**




Scan this page to see what is next from the et business 2019 award winning brand for you.

TALENMARK
DEVELOPERS



# contents


03 - 06 കേരള ടൂറിസം: കോവിഡാനന്തരം

07 - 12 സംസ്കാരം തന്നെയാണ് ഏറ്റവും വലിയ നിക്ഷേപം

13 - 22 മലബാർ, മലൈബാർ, മലൈബാരി; വിനിമയങ്ങളുടെ ചരിത്രം

23 - 24 കാലത്തെ അതിജീവിക്കുന്ന പരമ്പരാഗത സൂക്കുകൾ

25 - 28 കേരള തീൻമേശയിലെ പാരമ്പര്യങ്ങൾ

29 - 32 മനുഷ്യപ്പറ്റോടെ മനുഷ്യനൊപ്പം

33 - 34 ചരിത്രം പിറന്നു

35 - 36 ചിൽഗ്രോവ് : ഹോസ്പിറ്റാലിറ്റിയുടെ പുതിയ മുഖം

# സാംസ്കാരിക മൂലധനം

ടാലൻടോക്കിന്റെ  പുതിയ ലക്കത്തിലേക്ക് പ്രിയപ്പെട്ട വായനക്കാർക്ക് സ്വാഗതം. സംസ്കാരം എന്നത് ചെറിയ പദമല്ല. അനേകായിരം വർഷങ്ങൾ നീണ്ട വിനിമയങ്ങളിലൂടെ മനുഷ്യൻ ആർജിച്ചെടുത്ത ഒരു പറ്റം ചേരുവകൾക്ക് ഒന്നിച്ചു പറയുന്ന പേരാണത്. ചരിത്രത്തിന്റെ അടരുകളിലൂടെ കിനിഞ്ഞിറങ്ങുന്ന ഉറവകൾ, നാഗരികതകളുടെ നിർമാണത്തിന് മനുഷ്യന് ശേഷി നൽകിയ അറിവുകൾ, കലയുടെയും സംഗീതത്തിന്റെയും മാസ്മരികമായ ബാക്കിവെപ്പുകൾ ഇവയെല്ലാം  ചേർന്ന് രൂപം കൊള്ളുന്ന ഏകതാനതയിലാണ് സംസ്കാരം രൂപം കൊള്ളുന്നത്. മലബാറിനെ അല്ലെങ്കിൽ പ്രാചീന മലൈബാറിനെ രൂപീകരിച്ച വിനിമയങ്ങളുടെ പുഷ്കലമായ ചരിത്രത്തിലേക്കുള്ള അന്വേഷണം ഈ ലക്കത്തിലുണ്ട്.



ഭക്ഷണവും പാചകരീതികളും സംസ്കാരത്തിന്റെ ചേരുവകളിൽ പ്രധാനമാണ്. നമ്മുടെ അടുക്കളകൾക്കും ഒരുപാട് ചരിത്രങ്ങൾ പറയാനുണ്ട്. ദിനേന നമ്മുടെ തീൻമേശയിലെത്തുന്ന വിഭവങ്ങൾ നൂറ്റാണ്ടുകൾ നീണ്ട സഞ്ചാരങ്ങളിലൂടെ കുടിയേറി വന്നവയാണ്. പല നാട്ടുകളിൽ നിന്നെത്തിയ രുചികൾ നമ്മുടെ മുകുളങ്ങളെ ത്രസിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പാചക പാരമ്പര്യങ്ങളുടെ ചരിത്രം പറയുന്ന പുസ്തകം ഗ്രന്ഥകാരിയുമായുള്ള സംഭാഷണത്തിലൂടെ  ഇത്തവണ ടാലൻടോക്ക് പരിചയപ്പെടുത്തുന്നുണ്ട്.

എടുത്തു പറയേണ്ട മറ്റു ചില സംഭാഷണങ്ങൾ കൂടിയുണ്ട്, ഇത്തവണ ടാലൻടോക്കിൽ. കേരളീയ യുവത്വത്തിന്റെ അഭിമാനമായി മാറിക്കൊണ്ടിരിക്കുന്ന ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് അതിഥിയായെത്തുന്നു. ഒപ്പം, ടാലൻമാർക് എന്ന ബ്രാൻഡിന്റെ ശില്പികളായ മൂന്നു യുവസംരംഭകർ അവരുടെ ഭാവി പദ്ധതികളെ കുറിച്ച് മനസ്സു തുറക്കുന്നു.

പ്രിയപ്പെട്ട വായനക്കാരന് നല്ല വായനകൾ നേരുന്നു.

സവിനയം
പത്രാധിപർ

# കേരള ടൂറിസം: കോവിഡാനന്തരം



## കേരള ടൂറിസം വകുപ്പ് മന്ത്രി പി. എ. മുഹമ്മദ് റിയാസുമായി ടാലൻ ടോക്ക് പ്രതിനിധി നടത്തിയ അഭിമുഖം

**കോവിഡാനന്തരം ടൂറിസത്തിന്റെ പുനരുദ്ധാരണം ആണല്ലോ ഇപ്പോൾ ടൂറിസം മേഖലയെ അലട്ടുന്ന വലിയ വെല്ലുവിളി. ഈ അവസ്ഥയെ നേരിടാൻ കേരള ടൂറിസം പ്രത്യേകമായി ആലോചിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ?**

ആദ്യ മനുഷ്യൻ മുതൽ ഇതുവരെയുള്ള മനുഷ്യൻ വരെ അടിസ്ഥാനപരമായി കൊണ്ടുനടക്കുന്ന പ്രധാനശീലങ്ങളിൽ ഒന്നാണ് യാത്ര. ലോകത്തിന്റെ യാത്രകൾക്ക് മുന്നിൽ കോവിഡ് ഒരു വലിയ തടയണ തന്നെയായിരുന്നു. എന്നാൽ ചരിത്രം പരിശോധിക്കുമ്പോൾ ഇതുപോലുള്ള എത്രയോ മഹാമാരികളെ മനുഷ്യർ അതിജീവിച്ചിട്ടുള്ളതായി കാണാം. മഹാമാരിക്കാലം കഴിഞ്ഞ് നാടിന് പെട്ടെന്നൊരു ഉണർവ്വ് നൽകാൻ സാധിക്കുന്നത് ടൂറിസത്തിലൂടെയാണ്. ആ ഉണർവ്വിലേക്കുള്ള ആരംഭഘട്ടത്തിലാണ് കേരളം ഇപ്പോൾ. കോവിഡ് തീർത്ത പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ച മേഖലയാണ് ടൂറിസം. ഇപ്പോഴും കോവിഡിനൊപ്പമാണ് ടൂറിസം മുന്നോട്ടു പോകുന്നത്. അതിജീവിക്കും എന്ന ആത്മവിശ്വാസം ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുക എന്നതിനാണ് ഈ ഘട്ടത്തിൽ സർക്കാർ പ്രാധാന്യം നൽകുന്നത്. ഇതിനായി 'സുരക്ഷിത കേരളം, സുരക്ഷിത ടൂറിസം' എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് രൂപം നല്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ നൂറു ശതമാനം വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന പ്രത്യേക പദ്ധതി തന്നെ നടപ്പിലാക്കി. വയനാട്ടിലെ വൈത്തിരിയിലാണ് പദ്ധതി തുടങ്ങിയത്. കേരളത്തിലെ ഭൂരിഭാഗം ടൂറിസം ഡസ്റ്റിനേഷനുകളും ഈ ലക്ഷ്യം കൈവരിച്ചു കഴിഞ്ഞു.


നൂറു ശതമാനം വാക്സിനേറ്റഡ് ഡെസ്റ്റിനേഷനായി വൈത്തിരി മാറിയപ്പോൾ രാജ്യം തന്നെ അത് ശ്രദ്ധിക്കുകയുണ്ടായി. തുടർന്ന് ടൂറിസം മേഖല തുറന്നപ്പോൾ വയനാട്ടിലേക്ക് സഞ്ചാരികളുടെ വരവിലുണ്ടായ വർധനവ് ഇതിന്റെ പ്രതിഫലനമായി കൂടി കാണാവുന്നതാണ്. വയനാട്ടിൽ മാത്രമല്ല, മറ്റു ഡസ്റ്റിനേഷനുകളിലും ഇപ്പോൾ സഞ്ചാരികൾ എത്തിത്തുടങ്ങി. എല്ലാ ഡസ്റ്റിനേഷനുകളും സജീവമായി തുടങ്ങി. ടൂറിസം മേഖല തുറക്കുമ്പോഴും കരുതലോടെയാണ് വകുപ്പ് പദ്ധതികൾ തയ്യാറാക്കിയത്. ബയോബബിൾ സംവിധാനത്തിലൂടെ ടൂറിസം മേഖലയെ സുരക്ഷിതമാക്കി. 'ഐ ആം വാക്സിനേറ്റഡ് ' എന്ന

> **അതിജീവിക്കും എന്ന ആത്മവിശ്വാസം ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുക എന്നതിനാണ് ഈ ഘട്ടത്തിൽ സർക്കാർ പ്രാധാന്യം നൽകുന്നത്.**



ടാഗുകളോടെയാണ് സഞ്ചാരികളെ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരും ടാക്സി/ഓട്ടോ തൊഴിലാളികളും സ്വീകരിക്കുന്നത്. ഇതെല്ലാം ചേർന്നപ്പോൾ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർധനവ് പ്രകടമാകുന്നു എന്നാണ് ഇപ്പോഴുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്കായി നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, തൊഴിലാളി കൾക്കായി ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം എന്നീ രണ്ട് വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു. ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി മെയിന്റനൻസ് ഗ്രാന്റും നൽകി വരുന്നു. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള റിവോൾവിംങ് ഫണ്ട് പദ്ധതിയും നടപ്പാക്കുകയാണ്.പ്രതിസന്ധിയിൽ കരഞ്ഞിരിക്കുക എന്നതല്ല സർക്കാരിന്റെ നയം. ഇപ്പോഴത്തെ പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ മേഖലകളിലേക്ക് ടൂറിസത്തെ വളർത്താനുതകുന്ന പദ്ധതികളാണ് വരും ദിവസങ്ങളിൽ നടപ്പാക്കാൻ പോകുന്നത്. കാരവാൻ ടൂറിസം പോലുള്ള നൂതന ടൂറിസം സംവിധാനങ്ങൾ ഇതിന്റെ ഭാഗമാണ്. അതോടൊപ്പം അഗ്രിടൂറിസത്തിന്റെ സാധ്യത മനസിലാക്കി അത് പ്രയോജനപ്പെടുത്താൻ ഫാം ടൂറിസം നെറ്റ് വർക്ക് കൂടി തയ്യാറാവുകയാണ്. ഓരോ പഞ്ചായത്തിലും ഒന്നിലധികം ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടൂറിസത്തെ പുതിയ കാലത്തിനനുസരിച്ച് എളുപ്പമാക്കാനുള്ള ശ്രമങ്ങളും നടത്തിവരുന്നുണ്ട്. കോവിഡ് മഹാമാരി ലോകത്തെമ്പാടും സൃഷ്ടിച്ച പ്രതിസന്ധിയെ മനുഷ്യർ തരണം ചെയ്തത് ടെക്നോളജിയെ ഉപയോഗപ്പെടുത്തിയാണ്. അതേ ടെക്നോളജിയുടെ സമഗ്രമായ ഉപയോഗത്തിലൂടെ കേരളാ ടൂറിസത്തെ സജീവമാക്കാനാണ് ഉദ്ദേശിക്കുന്നത്. ടൂറിസം മൊബൈൽ ആപ്പ് ശ്രീ. മോഹൻലാലാണ് പുറത്തിറക്കിയത്. ഒരു സഞ്ചാരിക്ക് വേണ്ടതെല്ലാം ഈ ആപ്പിലുണ്ടാകും. ജനങ്ങൾക്ക് തങ്ങളുടെ നാട്ടിലെ പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്താനും ഇതിലൂടെ സാധിക്കും. അതുപോലെ ചാറ്റ് എന്ന പേരിൽ സമൂഹത്തിന്റെ വിവിധതലങ്ങളിലുള്ള ആളുകളുമായി സംവദിച്ചുവരികയാണ്. പരമാവധി ആളുകളെ കേട്ടുകൊണ്ട് നവീനമായ ആശയങ്ങളെ സ്വീകരിച്ച് മുന്നോട്ടുപോകാനാണ് ആഗ്രഹിക്കുന്നത്. കോവിഡാനന്തര ടൂറിസം പുതിയൊരു അനുഭവമാക്കിക്കൊണ്ട് കേരള ടൂറിസത്തിന് ശക്തമായി തിരിച്ചു വരാൻ കഴിയുമെന്നാണ്  പ്രതീക്ഷിക്കുന്നത്.

**അഗ്രിടൂറിസത്തിന്റെ സാധ്യത മനസിലാക്കി അത് പ്രയോജനപ്പെടുത്താൻ ഫാം ടൂറിസം നെറ്റ് വർക്ക് കൂടി തയ്യാറാവുകയാണ്.**



**ടൂറിസം വികസനം എന്നത് പ്രകൃതിരമണീയത മാത്രമല്ല. നമ്മുടെ സംസ്കാരവും ചരിത്രവുമെല്ലാം ടൂറിസവുമായി ഇഴചേർന്ന് കിടക്കണം.**

**സാംസ്കാരിക വിനിമയങ്ങളുടെ നീണ്ട ചരിത്രമുണ്ട് കേരളത്തിന്. സഞ്ചാരങ്ങളിലൂടെ ലഭിച്ച ചരിത്രമാണത്. കേരളത്തിന്റെ സവിശേഷമായ ഭൂമിശാസ്ത്ര സാഹചര്യങ്ങളാണല്ലോ ഇത്തരം സഞ്ചാരങ്ങളുടെ ഉൾപ്രേരകമായി വർത്തിക്കുന്നത്. ചരിത്രത്തിന്റെയും ഭൂമിശാസ്ത്രത്തിന്റേയും അസാമാന്യമായ ഈ കൂടിച്ചേരലിനെ ടൂറിസം നയനിർമാണത്തൽ എങ്ങനെയാണ് സമീപിക്കുന്നത് എന്നറിയാൻ താൽപര്യമുണ്ട്. വിശദീകരിക്കാമോ?**

ടൂറിസം വികസനം എന്നത് പ്രകൃതിരമണീയത മാത്രമല്ല. നമ്മുടെ സംസ്കാരവും ചരിത്രവുമെല്ലാം ടൂറിസവുമായി ഇഴചേർന്ന് കിടക്കണം. ഏതൊരു നാടിന്റെയും ചരിത്രവും സംസ്കാരവും മറ്റൊരാൾക്ക് പകർന്നുനൽകുമ്പോള് മാത്രമാണ് ടൂറിസം രംഗം വിപുലമാകുന്നത്. ആ രീതിയിലുള്ള ടൂറിസത്തിന് ഇപ്പോൾ കേരളം വലിയ പ്രാധാന്യം നൽകിവരുന്നുണ്ട്. പ്രത്യേകിച്ച് ഉത്തരവാദിത്വ ടൂറിസം മിഷനും പൈതൃക ടൂറിസം പദ്ധതിയും ഈ രംഗത്ത് സജീവമാണ്.

ടൂറിസം ഒരു സാംസ്കാരിക പ്രവർത്തനം കൂടിയാണ്. ഒരു സഞ്ചാരി ഒരു ഡെസ്റ്റിനേഷൻ തേടിയെത്തുന്നത് ആ പ്രദേശത്തിന്റെ പ്രകൃതിഭംഗി കണ്ടുകൊണ്ടല്ല. മറിച്ച് ആ പ്രദേശത്തിന്റെ വൈവിധ്യം തേടിയാണ്. നമുക്ക് ചുറ്റുമുള്ള വളരെ സ്വാഭാവികമെന്ന് തോന്നുന്നതെല്ലാം ഒരു സഞ്ചാരിയെ സംഭവിച്ച് പുതുമയുള്ളതായിരിക്കും. നമ്മുടെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകൾ അവർക്ക് അത്ഭുതമായിരിക്കും. വ്യത്യസ്ത സംസ്കാരങ്ങളുടെ ഗാഢമായ ആശ്ലേഷണം ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി സംഭവിക്കുന്ന ഏറ്റവും സ്വാഭാവികമായ ഒരു പ്രക്രിയയാണ്. സഞ്ചരിക്കുക എന്നത് ടൂറിസത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ഒരു ധർമ്മമാണ്. ദേശങ്ങളും രാജ്യങ്ങളും ഭൂഖണ്ഡങ്ങളും അതിർ വരമ്പുകൾ തീർക്കാതെ മനുഷ്യർ നടത്തിയ യാത്രകളാണ് വ്യത്യസ്ത സംസ്കാരങ്ങളുടെ ഇടചേരലുകൾക്ക് കാരണമായത്. നൂറ്റാണ്ടുകൾക്ക് മുൻപെ യാത്രാസൗകര്യങ്ങൾ ഏറ്റവും പരിമിതമായ ഒരുകാലത്ത് തന്നെ കേരളം യൂറോപ്പുമായും മറ്റ് വ്യത്യസ്തമായ ഭൂഖണ്ഡങ്ങളുമായും സഞ്ചാരബന്ധം സ്ഥാപിച്ചിട്ടുണ്ട്. ചരിത്രവും ഭൂമിശാസ്ത്രപരവും അതുല്യമായ നിലയിൽ

**നമ്മുടെ നാട്ടുവഴികൾ നമ്മുടെ പൈതൃക സമ്പത്താണ്. ഓരോ ഗ്രാമത്തിനും നഗരത്തിനും അതിന്റേതായ ആകർഷകത്വങ്ങളുണ്ട്**


നമ്മുടെ നാട്ടിൽ കൂടിച്ചേർന്നുകഴിഞ്ഞിട്ടുണ്ട്. ഭൂതകാലത്തിന്റെ ഗൃഹാതുരവും ഏറെ ചരിത്രപരവുമായ ഈ അനുഭവങ്ങളെ പുതിയ കാലത്തിലേക്ക് പകർത്താനും ഭാവിയുടെ ഇന്ധനമാക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്

**സുന്ദരമായ നമ്മുടെ നാട്ടുവഴികളെയും പാരമ്പര്യങ്ങളേയും ടൂറിസം വ്യവസായവുമായി കൂടുതൽ ബന്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ചകളിൽ നിറയാൻ തുടങ്ങിയിട്ട് അല്പം കാലമായി. ഈയർത്ഥത്തിൽ കേരള ടൂറിസത്തിനുണ്ടായിട്ടുള്ള വളർച്ച എപ്രകാരമാണ്?**

കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ ഭൂമിശാസ്ത്രം തന്നെയാണ്. വൈവിധ്യമാർന്ന പ്രകൃതി സമ്പത്ത് ഉള്ളതുകൊണ്ട് തന്നെ കേരളത്തിന്റെ സഞ്ചാരപഥം വളരെ വിപുലമാണ്. നമ്മുടെ നാട്ടുവഴികൾ നമ്മുടെ പൈതൃകസമ്പത്താണ്. ഓരോ ഗ്രാമത്തിനും നഗരത്തിനും അതിന്റേതായ ആകർഷകത്വങ്ങളുണ്ട്. അതുകൊണ്ട് തന്നെ ഓരോ പഞ്ചായത്തിലും ഒന്നിലധികം ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുകയാണ്. പ്രകൃതി ഭംഗി മാത്രമല്ല, ഓരോ നാടിന്റെയും പാരമ്പര്യവും പൈതൃകവുമെല്ലാം ബന്ധിപ്പിച്ചുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. കേരളത്തിൽ വരുന്ന ഒരു സഞ്ചാരിക്ക് ഒരു ജില്ലയിൽ തന്നെ വൈവിധ്യങ്ങളായ സഞ്ചാര അനുഭവങ്ങൾ പകർന്നു നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ടൂറിസം മേഖലയിൽ ഈ അടുത്തകാലത്ത് രൂപപ്പെടുന്ന ആശയങ്ങൾ കല, സംസ്കാരം, പൈതൃകം, പാരമ്പര്യം തുടങ്ങിയ ഏറ്റവും ജൈവികമായ ആകർഷണങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് തന്നെയാണ്. കേരള ടൂറിസത്തിലെ നിരവധി പദ്ധതികൾ ഈ ആശയത്തെ മുൻനിർത്തിയാണ് നടപ്പിലാക്കുന്നത്. മുസിരിസ് ബിനാലെ, നിരവധിയായ ഹെറിറ്റേജ് പദ്ധതികൾ, തുടങ്ങിയവയെല്ലാം ഈ അർത്ഥത്തിൽ അവിഷ്കരിക്കപ്പെട്ടവയാണ്. കേരള ടൂറിസം ആ നിലയിൽ മെച്ചപ്പെട്ട വളർച്ചയിലേക്ക് തന്നെയാണ് നയിക്കപ്പെടുന്നത്.

**മാപ്പിള കലാരൂപങ്ങളും പാചക പാരമ്പര്യങ്ങളും ടൂറിസം രംഗത്ത് കൂടുതലായി സാധ്യത കൽപിക്കപെടാറുണ്ട്. ഇപ്പോൾ നടക്കുന്ന ആലോചനകളിൽ എത്ര മാത്രമാണ് ഇത്തരം എത്നിക് ജീവിത പാരമ്പര്യങ്ങൾ ഇടം പിടിക്കുന്നത്?**

കേരളത്തിന് അതിസമ്പന്നമായ കലാരൂപങ്ങളുടെ പട്ടികതന്നെയുണ്ട്. അതിൽ മാപ്പിള കലാരൂപങ്ങളും പാചകരീതികളും ലോകമാകെ ആകർഷിക്കുന്നവയാണ്. കേരളത്തിന്റെ വടക്കൻ മേഖലയിൽ മലബാറിന്റെ ജീവിത സംസ്കാരത്തിന്റെ ഭാഗമായ ഇവയെല്ലാം നിലവിൽ കേരളമാകെയും അതോടൊപ്പം രാജ്യാതിർത്തി കടന്ന് ചെന്നും പ്രശസ്തി നേടിയിട്ടുണ്ട്. പൈതൃക ടൂറിസം പദ്ധതികളുടെ ഭാഗമായി ഇവയെ സംരക്ഷിക്കാനും വരാനിരിക്കുന്ന തലമുറകൾക്ക് അനുഭവവേദ്യമാകാനും ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നാടുകാണാൻ വരുന്ന സഞ്ചാരികൾക്ക് സാംസ്കാരിക സായാഹ്നങ്ങളിലൂടെ സർക്കാർ ഇവയെ പരിചയപ്പെടുത്തുന്നുണ്ട്. ○



# സംസ്കാരം തന്നെയാണ് ഏറ്റവും വലിയ നിക്ഷേപം

പല വിധ ബ്രാൻഡുകളുടെ തിരയിളക്കത്തിൽ സ്വന്തം ബിസിനസ് ആശയങ്ങൾക്ക് സ്വത്വം പകരുക എന്ന ഭഗീരഥ പ്രയത്നം ഏറ്റെടുത്ത മൂന്നു യുവ സംരഭകരാണ് ടാലൻമാർക് എന്ന ബ്രാൻഡിന്റെ ശിൽപികൾ. മൂന്നു പേർ ചേർന്ന് കണ്ട സ്വപ്നങ്ങൾ ഇന്ന് വളർച്ചയുടെ പുതിയ പടവുകൾ താണ്ടുകയാണ്. ടാലൻമാർക്കിന്റെ ഭാവിയും പ്രതീക്ഷകളും വെല്ലുവിളികളും കടന്നു വരുന്ന സംഭാഷണത്തിൽ ടാലൻടോക്ക് പ്രതിനിധിയുമായി ടാലൻമാർക്കിന്റെ മൂന്ന് ഡയറക്ടർമാർ മനസ്സു തുറക്കുന്നു.

## ഭാവിയിലേക്ക് നോക്കുമ്പോൾ

**ഹബീബ് റഹ്മാൻ:**
2030 ആകുമ്പോഴേക്കും ജീവിതത്തിന്റെ നിഖില മേഖലകളെ സ്പർശിക്കുന്ന ബിസിനസ് സംരഭങ്ങൾ ടാലൻമാർക് എന്ന ബ്രാൻഡിനു കീഴിൽ പിറവി കൊള്ളും. അതിൽ പ്രധാനമായും, റീട്ടെയിൽ ചെയിനുകൾ, ഹോസ്പിറ്റാലിറ്റി, ഇപ്പോൾ ഞങ്ങൾ പ്രധാനമായും പ്രവർത്തിക്കുന്ന നിർമാണമേഖല എന്നിവയായിരിക്കും.

**മുഹമ്മദ് ഷക്കീൽ:**
ടാലൻമാർകിന്റെ വിശിഷ്ടമായ ബിസിനസ് എത്തിക്സ് മുറുകെ പിടിച്ചു കൊണ്ട് ഇത്തരം ഒരു ലക്ഷ്യത്തിലേക്ക് നടന്നടുക്കുക എന്നതാണ് അടിസ്ഥാനപരമായി നമ്മൾ ആഗ്രഹിക്കുന്നത്. ടാലൻമാർക്കിനെ നയിക്കുന്ന എത്തിക്സിൽ sustainability അതായത് സുസ്ഥിരത വലിയ ഘടകമാണ്. മനുഷ്യനോ പ്രകൃതിക്കോ ഹാനി വരുത്താത്ത എന്നാൽ വിജയകരമായ

കച്ചവടം. ഇത് പറയുന്നത്ര എളുപ്പമല്ല ഇന്നത്തെ കാലത്ത് എന്നറിയാം. എങ്കിലും, ഇത് ഞങ്ങളുടെ ബേസിക് എത്തിക്സ് ആയി കൂടെയുണ്ടാകും. എല്ലാകാലത്തും.

### ബിസിനസ്  ഇന്നോവേഷൻസ്, തൊഴിൽ ദാനം, ദേശനിർമാണം

**എൻ ഹിബത്തുല്ല: :**
കൾച്ചറൽ സെന്റർ പോലെയുള്ള ഒരു പ്രൊജക്റ്റ് വലിയ രൂപത്തിലുള്ള ജോലി സാധ്യതകളാണ് തുറന്ന് വെക്കുന്നത്. പ്രത്യേകിച്ചും യുവാക്കൾക്ക്. സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം തൊഴിൽ ദാനം എന്ന മഹനീയമായ കാര്യം കൂടി ഇത്തരം പ്രോജെക്ടിലൂടെ സാധ്യമാകുന്നു. ആയിരത്തിലധികം പേർക്ക് ഇത്തരമൊരു പ്രോജെക്ടിലൂടെ മാത്രം ജോലി ലഭിക്കുന്നുണ്ട്. അതും നല്ല ഗുണമേന്മയുള്ള താങ്കൾ പറഞ്ഞ പോലെ, "ക്വാളിറ്റി ജോബ്സ് ". കൾച്ചറൽ സെന്റർ പോലുള്ള പ്രൊജെക്ടുകൾ ഈയർത്ഥത്തിൽ വളരെ വലിയ സംഭാവനയാണ് നൽകുന്നത്. ഒന്നുമില്ലായ്മയിൽ നിന്ന് ചുരുങ്ങിയത് നൂറു കോടിയുടെ വിറ്റുവരവുള്ള ഒരു മാർക്കറ്റ് പ്ലെയ്സ് നമ്മൾ നിർമിച്ചു. നൂറു കോടി എന്നത് കൾച്ചറൽ സെന്റർ പ്രവർത്തിക്കാനാരംഭിച്ചാൽ  ആദ്യ വർഷത്തെ കണക്കാണ്. ഉൽപാദകർ, സേവന ദാതാക്കൾ, തൊഴിലാളികൾ, ഉപഭോക്താക്കൾ തുടങ്ങിയ വലിയ ശ്രേണിയിൽ നടക്കുന്ന സാമ്പത്തിക ക്രയവിക്രിയങ്ങൾ വളരെ വിപുലമായിരിക്കും. ഇത് അവസരങ്ങളുടെ പുതിയ കവാടങ്ങൾ തുറന്നു കൊണ്ടേയിരിക്കും. ദേശ നിർമാണത്തിന്റെ ഭാഗഭാക്കാകുക എന്ന ദൗത്യം നിറവേറ്റാൻ ടാലൻമാർക്കിനെ പ്രചോദിപ്പിക്കുന്ന ഘടകമാണ് തൊഴിൽ ദാനം എന്നുള്ളത്.

**മുഹമ്മദ് ഷക്കീൽ:**
അത് പോലെ നമ്മൾ പ്രോത്സാഹിപ്പിക്കുന്ന മറ്റൊരു കാര്യം, പ്രാദേശിക ബ്രാൻഡുകളെ ആഗോള ബ്രാൻഡുകളായി വളർത്തുക എന്നതാണ്. നിങ്ങൾ കെ.എഫ്.സി. യെ നോക്കൂ. അമേരിക്കയിലെ കെന്റക്കി എന്ന കുഗ്രാമത്തിൽ നിന്നാണ് അത് പിറവി കൊള്ളുന്നത്. എന്നാൽ, ഇന്ന്, ആഗോളമാകെ വ്യാപിച്ചു കിടക്കുന്ന ശൃംഖലയാണത്. എന്ത്കൊണ്ട് നമ്മുടെ നാട്ടിൽ നിന്ന് അത്തരം പുതിയ ചിന്തകൾ ഉരുത്തിരിഞ്ഞു വന്നു കൂടാ? അങ്ങനെ വന്ന ആശയങ്ങളെ ചെത്തിമിനുക്കി ആഗോള വിപണിയിലേക്ക് പാകപ്പെടുത്തുന്ന ദൗത്യം ടാലൻമാർക് ഏറ്റെടുക്കും. കൾച്ചറൽ സെന്ററിൽ അതിനായി ഇൻക്യൂബേഷൻ സെന്റർ പ്രവർത്തിക്കും. പ്രഗത്ഭരായ ബിസിനസ് വിശാരദരുടെ



> സംസ്കാരങ്ങളിൽ സ്ഥായിയായി നിലനിൽക്കുന്നവ ചിലത് മാത്രമേയുള്ളൂ. പുതുമയും വ്യതിരിക്തതയും ജനങ്ങൾ എല്ലാ കാലത്തും സ്വീകരിക്കും. കൾച്ചറൽ ഫ്യൂഷൻ, അല്ലെങ്കിൽ സാംസ്കാരിക സങ്കലനത്തെ കുറിച്ചാണ് നമ്മൾ പറഞ്ഞു വരുന്നത്. ഇതിൽ ഏറ്റവുമധികം ശ്രദ്ധിക്കേണ്ട കാര്യം, പുതുതായി വരുന്ന സംസ്കാരങ്ങൾ ജനങ്ങൾക്ക് ഹാനികരമായിരിക്കരുത് എന്നതാണ്. അങ്ങനെ വന്നാൽ, ജനങ്ങൾ അവ പ്രൊമോട്ട് ചെയ്യുന്ന ആളുകളെ തന്നെ പിടിച്ചു പുറത്തെറിയും. മാർക്കറ്റിന് അങ്ങനെയുള്ള ശക്തിയുമുണ്ട്. ഇത് നമ്മൾ തിരിച്ചറിഞ്ഞില്ലെങ്കിൽ ഒടുവിൽ നിരാശപ്പെടേണ്ടി വരും.
>
> *മുഹമ്മദ് ഷക്കീൽ*

മേൽനോട്ടത്തിലായിരിക്കും ഇത് പ്രവർത്തിക്കുന്നത്.

### കൾച്ചറൽ സെന്റർ പഠിപ്പിച്ച പാഠങ്ങൾ

**എൻ ഹിബത്തുല്ല:**
മനക്കരുത്താണ് കൾച്ചറൽ സെന്റർ നിർമാണത്തിൽ നിന്ന് നമുക്ക് ലഭിച്ച ഏറ്റവും വലിയ നേട്ടം. നിങ്ങൾക്ക് എന്തും കൈകാര്യം ചെയ്യാനാവും എന്ന ആത്മവിശ്വാസം. മറ്റൊന്ന്, വ്യതിരിക്തമായ ആശയങ്ങളെ, വേറിട്ടു നിൽക്കുന്ന ചിന്തകളെ, അവയുടെ ഗുണമേന്മ നോക്കി പൊതുജനം സ്വീകരിക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പ് കിട്ടിയതത്. അത് കൊണ്ട് തന്നെ ക്വാളിറ്റി, വിശ്വാസ്യത തുടങ്ങിയ കാര്യങ്ങളിൽ ഒരു നിലക്കുള്ള വിട്ടു വീഴ്ചക്കും ഞങ്ങൾ ഒരുക്കമല്ല. കാരണം, പൊതുജനം, പ്രത്യേകിച്ച് നമ്മുടെ ഉപഭോക്താക്കൾ നോക്കുന്നത് ഇത്തരം കാര്യങ്ങളിലേക്ക് മാത്രമാണ്.

**മുഹമ്മദ് ഷക്കീൽ:**
കോഴിക്കോട് ആസ്ഥാനമായി ഒരുപാട് റിയൽറ്റേഴ്സും ഡെവലപ്പേഴ്സും ഉണ്ട്. നമ്മളെ അവരിൽ നിന്നു വേർതിരിക്കുന്നത് പ്രൊജെക്ടുളിലെ വ്യതിരിക്തിതയാണ്. ടാലൻമാർക്കിന്റെ ആർകിടെക്ച്ചർ മുതൽ ആവാസ വ്യവസ്ഥവരെ തീർത്തും വേറിട്ട കാഴ്ചപ്പാടുകളിൽ നിന്ന് രൂപം കൊണ്ട് വന്നതാണ്. ഗുണമേന്മയുള്ളിടത്തേക്ക് ജനങ്ങൾ ഒഴുകിയെത്തും എന്നതാണ് വസ്തുത.

**ഹബീബ് റഹ്മാൻ:**
കൾച്ചറൽ സെന്റർ എന്നത് തീർത്തും വ്യതിരിക്തമാണ്. ഒരു ചെറുനഗരത്തിന്റെ നിർമാണം, അതിനു ചുറ്റും രൂപപ്പെടുന്ന ജന സഞ്ചയം, കച്ചവടങ്ങൾ, കൊടുക്കൽ വാങ്ങലുകൾ. അവയിൽ സംസ്കാരം വേറിട്ടു നിൽക്കും. കാരണം, സംസ്കാരത്തെ ഏറ്റവും സവിശേഷമായ മൂലധനമായാണ് ഇവിടെ കാണുന്നത്. സംസ്കാരത്തെ ഇങ്ങനെ സമീപിക്കുന്ന വാണിജ്യ പ്രോജക്ടുകൾ സമീപ കാലത്തൊന്നും ഉണ്ടായിട്ടില്ല.

**എൻ ഹിബത്തുല്ല:**
എന്നാൽ സംസ്കാരം എന്ന് പറയുമ്പോൾ എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു ധാര ഇതിനകത്തുണ്ട്. കോസ്മോപോളിറ്റൻ എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ധാര. ഇതിനെയാണ് നമ്മൾ ഹൈലൈറ്റ് ചെയ്യുന്നത്. ആഫ്രിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ചൈനയിൽ നിന്നും വരുന്ന സന്ദർശകർക്ക് അപരിചിതത്വം അല്ലെങ്കിൽ അന്യഥാത്വം അനുഭവപ്പെടാത്ത രൂപത്തിൽ സർവ സ്വീകാര്യമായ സംസ്കാരത്തിന്റെ രൂപീകരണം കൾച്ചറൽ സെന്ററിന് ചുറ്റും രൂപപ്പെടും. സംസ്കാരം



**കൾച്ചറൽ സെന്റർ ഞങ്ങൾക്ക് നൽകിയ ആത്മവിശ്വാസം ചെറുതല്ല. മറ്റു പല രാജ്യങ്ങളിൽ നിന്നും സമാനമായ പദ്ധതിക്കുള്ള ആലോചനകൾ ടാലൻമാർക്കിനെ തേടിയെത്തിയിട്ടുണ്ട്. നഗരങ്ങളാണ് ഭാവി. futuristic city എന്ന ഏറ്റവും വികസിച്ച പരികല്പനകൾ പോലും ടാലൻമാർകിലെ ദൈനംദിന ബ്രൈൻസ്റ്റോമിങ്ങിൽ കടന്നു വരാറുണ്ട്. സംസ്കാരം തന്നെയാണ് ഏറ്റവും വലിയ നിക്ഷേപം. നാഗരിക സംസ്കാരങ്ങൾ കച്ചവടത്തെ മാത്രമല്ല മുന്നോട്ട് കൊണ്ട് പോകുന്നത്. ഉത്തമ ജീവിതങ്ങളെ കൂടിയാണ്.**

***എൻ. ഹിബത്തുല്ല***

നിക്ഷേപമയെടുക്കുമ്പോൾ വലിയൊരു ഭാവി നമുക്ക് മുൻപിൽ തുറന്നു വരുന്നുണ്ട്. ഏതപരിചിതനും ഏതു വിദേശിക്കും സ്വന്തം ദേശം, സ്വന്തം നഗരം എന്ന അനുഭൂതി നല്കാൻ കഴിയുന്നതായിരിക്കണം ഇവിടെ വളർന്നു വരുന്ന നഗരം എന്ന് ഞങ്ങൾക്ക് നിശ്ചയമുണ്ട്.

**മുഹമ്മദ് ഷക്കീൽ:**
ഭാവിയിൽ നമ്മൾ വിവിധ രാജ്യങ്ങളിൽ ഇത്തരത്തിലുള്ള കൾച്ചറൽ സെന്ററുകളുടെ നിർമ്മാണം ഏറ്റെടുക്കും. അവിടെയെല്ലാം ഈയൊരു അടിസ്ഥാന തത്വത്തിനകത്തു നിന്ന് കൊണ്ടായിരിക്കും നമ്മൾ പ്രവർത്തിക്കുന്നത്.

**എൻ ഹിബത്തുല്ല :**
ടൗൺഷിപ്പുകൾ അല്ലെങ്കിൽ ചെറു നഗരങ്ങളുടെ നിർമാണം ടാലൻമാർക്കിന്റെ എക്കാലത്തെയും സ്വപ്ന പദ്ധതിയാണ്. കൾച്ചറൽ സെന്റർ ഞങ്ങൾക്ക് നൽകിയ ആത്മവിശ്വാസം ചെറുതല്ല. മറ്റു പല രാജ്യങ്ങളിൽ നിന്നും സമാനമായ പദ്ധതിക്കുള്ള ആലോചനകൾ ടാലൻമാർക്കിനെ തേടിയെത്തിയിട്ടുണ്ട്. നഗരങ്ങളാണ് ഭാവി. futuristic city എന്ന ഏറ്റവും വികസിച്ച പരികല്പനകൾ പോലും ടാലൻമാർകിലെ ദൈനംദിന ബ്രൈൻസ്റ്റോർമിങിൽ കടന്നു വരാറുണ്ട്. സംസ്കാരം തന്നെയാണ് ഏറ്റവും വലിയ നിക്ഷേപം. നാഗരിക സംസ്കാരങ്ങൾ കച്ചവടത്തെ മാത്രമല്ല മുന്നോട്ട് കൊണ്ട് പോകുന്നത്. ഉത്തമ ജീവിതങ്ങളെ കൂടിയാണ്
.

**ഹബീബ് റഹ്മാൻ:**
സാധാരണ ഗതിയിൽ ഒരു ഭരണകൂടം ഏറ്റെടുത്തു ചെയ്യേണ്ട പ്രൊജക്റ്റ് ആണ് കൾച്ചറൽ സെന്റർ. ഇവിടെ, ദീർഘദർശിയായ പണ്ഡിതൻ, വന്ദ്യരായ എ. പി. ഉസ്താദിന്റെ സ്വപ്നങ്ങളിൽ വിരിഞ്ഞ ആശയങ്ങൾക്ക് നമ്മൾ ചിറക് പകരുകയാണ് ചെയ്യുന്നത്. ആലോചിക്കുമ്പോൾ ഇത് അതീവ വിപുലമായ പദ്ധതിയാണ്. ഭരണകൂടങ്ങൾക്ക് നിഷ്പ്രയാസം സാധിക്കുന്നതാണ്. തദ്ദേശീയ സംസ്കാരങ്ങളെ ആഗോള ഭൂപടത്തിൽ സന്നിവേശിപ്പിക്കുന്ന ബൃഹത്തായ പദ്ധതിയാണിത്. ലോകത്തെ മുഴുവൻ ഭരണകൂടങ്ങൾക്കും പരീക്ഷിക്കാവുന്ന ആശയമാണ് ടാലൻമാർക് പോലുള്ള ഒരു കമ്പനി ഏറ്റെടുത്തിരിക്കുന്നത്.

**എൻ ഹിബത്തുല്ല:**
കൾച്ചറൽ സെന്ററിന് ചുറ്റുമുള്ള സൂക്ക് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ സൂക്കിൽ കച്ചവട സാധനങ്ങൾക്കൊപ്പം സംസ്കാരവും വിനിമയം ചെയ്യപ്പെടും. പ്രാചീന കാലം മുതൽ ഇവിടെയെത്തുന്ന വ്യാപാരികൾ , അറബികളും അനറബികളും, അവർ വന്നു കച്ചവടം ചെയ്തു തിരിച്ചു പോയതല്ല. അവർ സംസ്കാരങ്ങളെ കൂടിയാണ് വിനിമയം ചെയ്തത്.



**കൾച്ചറൽ സെന്റർ എന്നത് തീർത്തും വ്യതിരിക്തമാണ്. ഒരു ചെറുനഗരത്തിന്റെ നിർമാണം, അതിനു ചുറ്റും രൂപപ്പെടുന്ന ജന സഞ്ചയം, കച്ചവടങ്ങൾ, കൊടുക്കൽ വാങ്ങലുകൾ. അവയിൽ സംസ്കാരം വേറിട്ടു നിൽക്കും. കാരണം, സംസ്കാരത്തെ ഏറ്റവും സവിശേഷമായ മൂലധനമായാണ് ഇവിടെ കാണുന്നത്. സംസ്കാരത്തെ ഇങ്ങനെ സമീപിക്കുന്ന വാണിജ്യ പ്രോജക്ടുകൾ സമീപ കാലത്തൊന്നും ഉണ്ടായിട്ടില്ല.**

*ഹബീബ് റഹ്മാൻ*



നമ്മുടെ ഭക്ഷണത്തിൽ അത് കാണാം. കലയിൽ, സംഗീതത്തിൽ, വാസ്തുവിദ്യയിൽ എല്ലാം ഇത് കാണാനാവും.

**ഹബീബ് റഹ്മാൻ:**
കുഴിമന്തി പോലെയുള്ള അറേബ്യൻ ഭക്ഷണം ഈ കഴിഞ്ഞ പത്തു വർഷത്തിനിടക്കാണ് നമുക്കിടയിൽ പ്രചുര പ്രചാരം നേടിയത്. ആധികാരികമായി നോക്കുമ്പോൾ അറേബ്യൻ തനിമയിൽ നിന്ന് മാറി പല വിധത്തിലുള്ള രൂപ ഭാവങ്ങൾ സ്വീകരിച്ചിട്ടുണ്ട് ഈ ഭക്ഷണങ്ങളെല്ലാം. നമ്മുടെ നാട്ടിലെ രസമുകുളങ്ങളെ ത്രസിപ്പിക്കുന്ന രുചികൾ കുഴിമന്തിയിലേക്ക് ചേർത്തിക്കൊണ്ടാണ് അത് ഈ നാട്ടിൽ ഇറങ്ങുന്നത്. മുളക് പൊടി ചേർത്ത മന്തി എന്ന് പറയാം. ഇത് പോലെയുള്ള കൊടുക്കൽ വാങ്ങലുകൾ എല്ലാ രംഗത്തും നടക്കുന്നുണ്ട്. കലയിലും സംഗീതത്തിലും ആർകിടെക്ച്ചറിലും ഇത് വ്യാപകമായി നടക്കുന്നുണ്ട്.

**മുഹമ്മദ് ഷക്കീൽ:**
പക്ഷെ ഒന്നുണ്ട്. ഈ സംസ്കാരങ്ങളിൽ സ്ഥായിയായി നിലനിൽക്കുന്നവ ചിലത് മാത്ര മേയുള്ളൂ. ബിരിയാണി അത്തരത്തിൽ അതിജീവനം നടത്തിയ ഒരു ഭക്ഷണ സംസ്കാരമാണ്. ഇവിടെയും എടുത്തു പറയേണ്ട കാര്യം, പുതുമയും വ്യതിരിക്തതയും ജനങ്ങൾ സ്വീകരിക്കും എന്നതാണ്. കൾച്ചറൽ ഫ്യൂഷൻ, അല്ലെങ്കിൽ സാംസ്കാരിക സങ്കലനത്തെ കുറിച്ചാണ് നമ്മൾ പറഞ്ഞു വരുന്നത്. ഇതിൽ ഏറ്റവുമധികം ശ്രദ്ധിക്കേണ്ട കാര്യം, പുതുതായി വരുന്ന സംസ്കാരങ്ങൾ ജനങ്ങൾക്ക് ഹാനികര മായിരിക്കരുത് എന്നതാണ്. അങ്ങനെ വന്നാൽ, ജനങ്ങൾ അവ പ്രൊമോട്ട് ചെയ്യുന്ന ആളുകളെ തന്നെ പിടിച്ചു പുറത്തെറിയും. മാർക്കറ്റിന് അങ്ങനെയുള്ള ശക്തിയുമുണ്ട്. ഇത് നമ്മൾ തിരിച്ചറിഞ്ഞില്ലെങ്കിൽ ഒടുവിൽ നിരാശപ്പെടേണ്ടി വരും.

### ഒടുവിലായി ഇപ്പോൾ നിങ്ങൾ വായിച്ചു കൊണ്ടിരിക്കുന്ന പുസ്തകം?

**ഹബീബ് റഹ്മാൻ:**
ഞാൻ പലവുരു വായിച്ചതാണ് എങ്കിലും വീണ്ടും വായിക്കുന്ന പുസ്തകം Spencer Johnson രചിച്ച Who Moved My Cheese? നമ്മുടെ ജീവിതത്തിലും ജോലിയിലും നിരന്തരം വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഏതു വിധം നേരിടണം എന്ന് വിശകലനം ചെയ്യുന്നമികച്ച ഗ്രന്ഥമാണത്. നമ്മൾക്കുള്ളത് നമ്മൾക്ക് വേണ്ടി എവിടെയെല്ലാമോ കാത്തിരിക്കും എന്ന് അതിലെ വലിയ പാഠമാണ്.

**എൻ ഹിബത്തുല്ല:**
സമീപ കാലത്ത് വായിച്ച ശ്രദ്ധേയമായ പുസ്തകം ജിം കോളിൻസും ജെറി പൊറാസും ചേർന്നെഴുതിയ Built to Last: Successful Habits of Visionary

Companies. അമേരിക്കയെ ആ വിധം പടുത്തുയർത്തിയ നൂറിലധികം കമ്പനികളെ അവലോകനം ചെയ്ത് കൊണ്ട് എങ്ങനെയാണ് കാലങ്ങളോളം നിലനിൽക്കുന്ന പുതിയബ്രാൻഡുകളെ നിർമ്മിക്കേണ്ടത് എന്ന് വിലയിരുത്തുന്ന പുസ്തകമാണിത്. തലക്കെട്ട് സൂചിപ്പിക്കുന്നത് പോലെ , അവശേഷിക്കാൻ വേണ്ടി പണിത കമ്പനികളെ കുറിച്ചാണ് പറയുന്നത്. ഒരു നൂറ്റാണ്ട് കാലം കൊക്ക കോളയെ പോലുള്ള കമ്പനികൾ എങ്ങനെയാണ് മാർക്കറ്റിൽ ഒരു പോലെ പിടിച്ചു നിൽക്കുകയും വളരുകയും ചെയ്തത് തുടങ്ങിയ ചോദ്യങ്ങളും അവക്കുള്ള ഉത്തരങ്ങളും ആണ് പ്രതിപാദ്യം. ഏതു ബ്രാൻഡ് നമ്മൾ നിർമ്മിക്കുകയാണെങ്കിലും അതിജീവന ശേഷിയാണ് പ്രധാനം. അതെങ്ങനെ രൂപപ്പെടുത്തും എന്നതിനുള്ള ഉത്തരങ്ങൾ ഈ പുസ്തകത്തിൽ കാണാം.

**മുഹമ്മദ് ഷക്കീൽ:**
ശൈഖ് മുഹമ്മദിന്റെ ആത്മകഥയാണ് സമീപ കാലത്ത് വായിച്ച ശ്രദ്ധേയമായ പുസ്തകം: My Vision: Challenges in the Race for Excellence. യു.എ.ഇ. അൻപതാം ദേശീയ ദിനം ആഘോഷിക്കുന്ന വേളയിൽ ആണ് ഈ പുസ്തകം ഞാൻ വായിച്ചത്. അൻപത് വർഷം മുമ്പ്, ഒന്നുമല്ലാതിരുന്ന, മരുഭൂമി മാത്രമായിരുന്ന ദുബായിയെ ഇന്ന് കാണുന്ന ലോകോത്തര നഗരമായി പരിവർത്തിപ്പിച്ചത് അദ്ദേഹത്തിന്റെ നാഗരിക ദർശനങ്ങളാണ്. വ്യാപാരത്തിലൂടെയും സാംസ്കാരിക വിനിമയങ്ങളിലൂടെയും ദുബായിയെ ലോകത്തിന്റെ നെറുകയിലെത്തിക്കുക എന്നത് അദ്ദേഹത്തിന്റെ വലിയ സ്വപ്നമായിരുന്നു. ഇന്ന് അദ്ദേഹം അത് സാക്ഷാത്കരിച്ചിരിക്കുന്നു. ദീർഘവീക്ഷണവും ആത്മവിശ്വാസവും സ്ഥിരോത്സാഹവും കൊണ്ടാണ് അദ്ദേഹം അത് സാധിച്ചെടുക്കുന്നത്. ലോകത്തെ മികച്ച തലച്ചോറുകളെ ദുബായിലേക്ക് കൊണ്ട് വന്ന് നഗരാസൂത്രണത്തിന്റെ നേതൃത്വം അവരെയേൽപിച്ചതൊക്കെ വായിക്കുമ്പോൾ നിർമാണ രംഗത്ത് പ്രവർത്തിക്കുന്ന എന്നെ പോലെയുള്ളവർക്ക് അത് നൽകുന്ന അനുഭൂതി ചെറുതല്ല. ഈ രംഗത്ത് പ്രവർത്തിക്കുന്നവർ നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകമാണിത്. ○

> **നമ്മൾക്കുള്ളത് നമ്മൾക്ക് വേണ്ടി എവിടെയെല്ലാമോ കാത്തിരിക്കും**



ഡോ. അബ്ദുൽ
ഹകീം അസ്ഹരി



# മലബാർ, മലൈബാർ, മലൈബാരി; വിനിമയങ്ങളുടെ ചരിത്രം

**സഞ്ചാരങ്ങളുടെയും അവയിലൂടെ രൂപം കൊണ്ട നീണ്ട ചരിത്രബന്ധങ്ങളുടെയും പൈതൃകങ്ങളിൽ നിന്നാണ് ഇന്ന് കാണുന്ന മലബാർ ഉണ്ടായത്. പ്രാചീന കാലം മുതൽ വിശ്രുതമായിരുന്ന മലൈബാർ എന്ന ദേശത്തിന്റെ ചരിത്ര പാളികളിൽ ഖനനം ചെയ്താൽ അനന്യസാധാരണമായ ദേശചരിത്രത്തിന്റെ വിസ്മയിപ്പിക്കുന്ന ചിത്രങ്ങൾ തെളിഞ്ഞു കാണും. വ്യാപാരികളും അറിവന്വേഷികളും വന്നും പോയിക്കൊണ്ടിരുന്ന മലൈബാറിന്റെ സാംസ്കാരിക രൂപീകരണം എണ്ണമറ്റ വിനിമയങ്ങളുടെ കഥ പറയുന്നുണ്ട്. മലൈബാറിന്റെ സാംസ്കാരിക അടരുകളിലേക്ക് നടത്തുന്ന അന്വേഷണം.**

മതം, സമൂഹം, സംസ്കാരം, വാണിജ്യം എന്നിങ്ങനെ പല മേഖലകളിലും ലോക തലത്തിൽ തന്നെ ഖ്യാതി നേടിയ നാടാണ് മലബാർ. ചരിത്ര കാലം മുതൽക്കേ സാംസ്കാരികപരമായും വാണിജ്യപരമായും ലോകഭൂപടത്തിൽ തന്നെ സ്വയം അടയാളപ്പെടുത്തിയ മലബാർ വിവിധ ദേശങ്ങളുമായി സാംസ്കാരിക ആദാനപ്രദാനങ്ങൾ നടത്തിയിട്ടുണ്ട്. ഒരുകാലത്ത് വാണിജ്യത്തിന്റെ ലോക രാഷ്ട്രീയത്തെ തന്നെ നിയന്ത്രിച്ചിരുന്ന ഇന്ത്യൻ മഹാ സമുദ്രവുമായി നല്ലൊരു ശതമാനം തീരദേശം സ്ഥിതി ചെയ്യുകയും വാണിജ്യത്തിൽ നിർണായക സ്ഥാനം വഹിക്കുകയും ചെയ്തതിനാൽ അനേകം മത വ്യാപാര സമൂഹങ്ങൾ, രാഷ്ട്രീയ ശക്തികൾ സഞ്ചാരികൾ അടക്കമുള്ളവർ മലബാറിലേക്ക് ആകർഷിക്കപ്പെടാൻ കാരണമായിട്ടുണ്ട്. ഇതിനകം തന്നെ മലബാറിലെ വാണിജ്യബന്ധങ്ങൾ, രാഷ്ട്രീയ വ്യവസ്ഥിതികൾ, ഭൗമശാസ്ത്ര പ്രത്യേകതകൾ, മത സമൂഹങ്ങളുടെ കൈമാറ്റങ്ങൾ എന്നിങ്ങനെ ഒട്ടനവധി വിഷയങ്ങളിലായി എണ്ണമറ്റ ഗവേഷണപഠനങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട്. പതിറ്റാണ്ടുകളോളം മലബാറിൽ താമസിച്ച് മികച്ച ഗവേഷണങ്ങൾ നടത്തിയ വിദേശ പണ്ഡിതരും അക്കൂട്ടത്തിലുണ്ട്. അമേരിക്കയിൽ അടക്കമുള്ള ചില വിദേശ യൂണിവേഴ്സിറ്റികളിൽ മലബാറിനെ കുറിച്ച് പഠിക്കാൻ മാത്രം പ്രത്യേക ഡിപ്പാർട്ട് മെന്റുകൾ പോലുമുണ്ട്. ഭൗമശാസ്ത്രപരമായി ഇന്നത്തെ കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്ക്, കൊടുങ്ങല്ലൂർ താലൂക്ക്, ഫോർട്ട് കൊച്ചി, ലക്ഷദ്വീപ്, തമിഴ്നാട്ടിലെ നീലഗിരി എന്നീ പ്രദേശങ്ങൾ അടങ്ങിയതാണ് മലബാർ. എന്നാൽ പ്രസ്തുത ദേശങ്ങളുടെ സമീപ ദേശങ്ങളും മലബാറിൽ ഉൾപ്പെട്ടിരുന്നതായി ചില ഭൂപടങ്ങളിൽ കാണുന്നുണ്ട്. പണ്ഡിതരും സഞ്ചാരികളും കച്ചവടക്കാരും അടക്കം പലരും വരച്ചുവെച്ച ഒന്നാം നൂറ്റാണ്ട് മുതലുള്ള മലബാറിന്റെ ഭൂപടങ്ങൾ ആർക്കൈവുകളിലും മറ്റും ഇന്നും ലഭ്യമാണ്. ഇത്തരം ഭൂപടങ്ങളും സഞ്ചാരികളുടെ യാത്രാകുറിപ്പുകളും മുൻനിർത്തി പുതിയ ഗവേഷണങ്ങളും കണ്ടെത്തലുകളും ഉണ്ടാകുന്നു എന്നത് ശുഭോദർക്കമായ കാര്യമാണ്.

പുരാതനകാലം മുതൽക്കേ മലബാറിന് പുറം ലോകവുമായി വാണിജ്യബന്ധം ഉണ്ടായിരുന്നു. റോമിലെ ക്രിസ്തീയ ദേവാലയങ്ങളിൽ ഉപയോഗിച്ചിരുന്ന സാമ്പ്രാണിക്കം, തേക്ക് തടികൾ

> **മലബാറിനെ, ഒരുപക്ഷേ, ആദ്യമായി മലബാർ എന്ന് വിളിച്ചത് പേർഷ്യൻ പണ്ഡിതനായ അൽബിറൂനി ആയിരിക്കണം.**

അടക്കമുള്ള പല വസ്തുക്കളും മലബാറിൽനിന്ന് കൊണ്ടു പോയവയായിരുന്നു. അതുപോലെ പുരാവസ്തു ഖനന ഗവേഷണങ്ങളിൽ മലബാറിലെ പല ഭാഗങ്ങളിലും റോമിലെ നാണയത്തുട്ടുകൾ കണ്ടെത്തപ്പെട്ടിട്ടുണ്ട്. റോംമലബാർ വാണിജ്യ ബന്ധം തെളിയിക്കുന്ന രണ്ടാം നൂറ്റാണ്ടിലെ മുസിരിസ് പാപ്പിറസ് എന്ന ലോൺ എഗ്രിമെന്റിന്റെ പകർപ്പുകൾ ആർക്കൈവുകളിൽ ഇപ്പോഴും ലഭ്യമാണ്. എങ്കിലും, മലബാറിനെ കുറിച്ചുള്ള ഏറ്റവും പഴക്കം ചെന്ന പരാമർശം നമുക്ക് ലഭിക്കുന്നത് കോസ്മസ് ഇൻഡികോപ്ലസിന്റെ Topographia Christiania എന്ന ഗ്രന്ഥത്തിൽ നിന്നാണ്. 'മലെ രാജ്യം' (The country of Male') എന്നാണ് മലബാറിനെ കുറിച്ച് അതിൽ പരാമർശിച്ചിട്ടുള്ളത്. ദ്രാവിഡിയൻ പദമായ മല എന്ന പദവും എന്ന ബർറ് എന്ന അറബി പദമോ ബാർ എന്ന പേർഷ്യൻ പദമോ ചേർന്നാണ് മലബാർ എന്ന പേരുണ്ടായതെന്ന് അനുമാനിക്കപ്പെടുന്നതായി കൊളോണിയൽ ചരിത്രകാരന്മാരും ഉദ്യോഗസ്ഥന്മാരുമായ എഫ്. ബി ഇവാൻസും സി. എ ഇൻസും രേഖപ്പെടുത്തുന്നുണ്ട്.

മലബാറിനെ, ഒരുപക്ഷേ, ആദ്യമായി മലബാർ എന്ന് വിളിച്ചത് പേർഷ്യൻ പണ്ഡിതനായ അൽബിറൂനി ആയിരിക്കണം. അറബികൾ മലബാറിനെ മലൈബാർ, മലൈബർ, മലിബർ എന്നൊക്കെയായിരുന്നു വിളിച്ചിരുന്നത്. മലയാള ഭാഷ അത്ര തന്നെ പ്രചാരത്തിൽ ഇല്ലാതിരുന്ന അക്കാലത്ത് മലബാറിൽ വ്യാപകമായി തമിഴ് ഭാഷ സംസാരിക്കപ്പെട്ടിരുന്നു. അങ്ങനെയാണ് കച്ചവടത്തിനെത്തിയ അറബികൾ തദ്ദേശീയരുമായുള്ള വിനിമയത്തിനായി തമിഴ് പദങ്ങൾക്ക് അറബി അക്ഷരങ്ങൾ നൽകി അർവിത്തമിഴ് എന്ന ഭാഷ തന്നെ രൂപീകരിക്കുന്നത്. അറബ് സഞ്ചാരികളുടെ മലൈബാറിനെ കുറിച്ചുള്ള വിവരണങ്ങളിൽ തമിഴ് ഭാഷയുടെ ആഴത്തിലുള്ള സ്വാധീനം കണ്ടെത്താനാകും. അതുകൊണ്ടു തന്നെ മലബാർ എന്ന പദത്തേക്കാൾ ഒരുപക്ഷെ, പഴക്കമുള്ളത് മലൈബാർ ആയിരിക്കും എന്ന് ചില ചരിത്രനിഗമനങ്ങളുണ്ട്. മല എന്ന പദത്തിന് തമിഴിൽ മലൈ എന്നായിരുന്നു പറഞ്ഞിരുന്നത് എന്നതുകൊണ്ട് തന്നെ നല്ലൊരു ശതമാനം ആളുകളും മലൈബാർ എന്നാണ് മലബാറിനെ വിളിച്ചിരുന്നത്.



പുരാതനകാലത്ത് വിശാലമായ ഭൂവിസ്തൃതി ഉണ്ടായിരുന്നു മലൈബാറിന്. രാഷ്ട്രീയവും സാംസ്കാരികവും വാണിജ്യപരവുമായ കാരണങ്ങളാൽ പിന്നീട് ചുരുങ്ങി വരുകയാണുണ്ടായത്. അക്കാലത്തെ ചില സഞ്ചാരികളും ചരിത്രകാരന്മാരും ഇന്നത്തെ കേരളം മുഴുവൻ അടയാളപ്പെടുത്താൻ മലൈബാർ എന്ന പദം ഉപയോഗിച്ചിരുന്നു. സാംസ്കാരിക ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലായിരുന്നു അന്ന് മലൈബാർ എന്ന പേര് ഉപയോഗിക്കപ്പെട്ടിരുന്നത്. പിന്നീട് ബ്രിട്ടീഷുകാരുടെ ആഗമനത്തോടെയാണ് ഭരണ താല്പര്യങ്ങൾക്ക് വേണ്ടി മലൈബാറിനെ അതിർവരമ്പുകളിലേക്ക് ചുരുക്കപ്പെട്ടത്. ബ്രിട്ടീഷ് ആഗമനത്തോടെ മലൈബാറിനെ മദ്രാസ് പ്രസിഡൻസിക്ക് കീഴിലുള്ള രണ്ട് ജില്ലകളിലൊന്നാക്കി പരിവർത്തിപ്പിച്ചു. ഇന്നത്തെ കർണാടകയുടെ ദക്ഷിണ ഭാഗത്തുള്ള സൗത്ത് കാനറയായിരുന്നു മറ്റൊരു ജില്ല. മലയാളഭാഷയിൽ മലൈബാറിനെ മലയാള രാജ്യം, മലയാളം, മലയാം എന്നിങ്ങനെയും പേരുകളുണ്ടായിരുന്നെന്ന് വില്യം ലോഗൻ നിരീക്ഷിക്കുന്നുണ്ട്.



# മലൈബാറിന്റെ വികാസം

**വിശുദ്ധ ഹറമിന്റെ നിർമ്മാണത്തിനായി നിലമ്പൂരിൽ നിന്നും തേക്ക് തടി കയറ്റി അയച്ചതായി ചരിത്രമുണ്ട്. അത്രയേറെ മികച്ച തടികളായിരുന്നു മലൈബാറിലേത്.**

വാണിജ്യ ചരിത്രത്തിലൂടെയാണ് മലൈബാറും പുറംലോകവും മലൈബാറിനെ തന്നെ അറിഞ്ഞു തുടങ്ങുന്നത്. വ്യത്യസ്ത നാടുകളിൽ നിന്നുള്ള സഞ്ചാരികളുടെ തുറമുഖങ്ങൾ, വാണിജ്യ നഗരങ്ങൾ വ്യാപാര കൂട്ടായ്മകൾ എന്നിവയെക്കുറിച്ചെല്ലാം രേഖപ്പെടുത്തപ്പെട്ട വിവരങ്ങൾ, വാണിജ്യത്തിന് ഉപയോഗിച്ച കരാർ പത്രങ്ങൾ, നാണയത്തുട്ടുകൾ, എന്നിത്യാദിയിലൂടെയാണ് മലൈബാറിന്റെ ചരിത്ര ത്തെക്കുറിച്ചും പൈതൃകത്തെ കുറിച്ചുമൊക്കെ നാം മനസ്സിലാക്കിത്തുടങ്ങുന്നത്. ഉദാഹരണത്തിന്, പുരാതന മലൈബാറിലെ ടിണ്ടിസ് (Tyndis) എന്ന സുപ്രധാന തുറമുഖത്തെ കുറിച്ച് പെരിപ്ലസ് ഓഫ് എറിത്രിയൻ സീ (Periplus Maris Erythraei- ലാറ്റിൻ നാമം) എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. പൊന്നാനി കൊയിലാണ്ടി ദേശങ്ങൾക്കടുത്താണ് ഈ തുറമുഖം സ്ഥിതി ചെയ്തിരുന്നത് എന്നാണ് കരുതപ്പെടുന്നത്. ടോളമിയുടെ പുരാതന ഇന്ത്യയെ കുറിച്ചുള്ള വിവരണങ്ങളിലും സംഘ സാഹിത്യങ്ങളിലും ഈ തുറമുഖത്തെ കുറിച്ചുള്ള പരാമർശമുണ്ട്. പ്രധാനമായും കുരുമുളക്, നാളികേരം, അടക്ക, മറ്റു

**മദ്രാസ് പ്രസിഡൻസിയിലെ ഏറ്റവും പ്രധാനപ്പെട്ട പ്ലാന്റേഷൻ തേക്കിന്റേതായിരുന്നുവെന്ന് മദ്രാസ് ഗസറ്റിയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.**

സുഗന്ധവിളകൾ എന്നിവയാണ് മലൈബാറിൽ നിന്നും പുറം നാടുകളിലേക്ക് കയറ്റി അയക്കപ്പെട്ടിരിക്കുന്നത്. ഇതിനുപുറമേ തേക്ക്, മഹാഗണി തുടങ്ങിയ വസ്തുക്കളും കയറ്റി അയക്കപ്പെട്ടിരുന്നു. വിശുദ്ധ ഹറമിന്റെ നിർമ്മാണത്തിനായി നിലമ്പൂരിൽ നിന്നും തേക്ക് തടി കയറ്റി അയച്ചതായി ചരിത്രമുണ്ട്. അത്രയേറെ മികച്ച തടികളായിരുന്നു മലൈബാറിലേത്. ബ്രിട്ടീഷ് ഭരണകാലത്ത്, അവർ തേക്ക് കൃഷിയെ വളരെ വ്യാപകമായി വാണിജ്യാടിസ്ഥാനത്തിൽ ഉയർത്തിക്കൊണ്ടുവന്നിരുന്നു. മദ്രാസ് പ്രസിഡൻസിയിലെ ഏറ്റവും പ്രധാനപ്പെട്ട പ്ലാന്റേഷൻ തേക്കിന്റേതായിരുന്നുവെന്ന് മദ്രാസ് ഗസറ്റിയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാം ലോകമഹായുദ്ധ കാലത്ത് Scientific Forestry യടെ ഭാഗമായി നട്ടുപിടിപ്പിക്കപ്പെട്ട തേക്കുകൾ ഇന്നും വയനാടൻ കാടുകളിൽ കാണാവുന്നതാണ്. ഇന്ത്യയിലെ പ്രശസ്തമായ ആസാമി തേക്കുകളെക്കാൾ മികച്ചതായിരുന്നു എന്നതിനാലായിരുന്നു യുദ്ധാവശ്യത്തിനായി ഇവിടെ കൃഷി ചെയ്തത്.





**കോഴിക്കോട് കേന്ദ്രീകരിച്ചാണ് മലൈബാറിലെ വാണിജ്യം വികസിച്ചത്.**

പക്ഷേ ഗതാഗതത്തിന്റെ പ്രയാസം കാരണം പിന്നീട് അവ മുറിക്കപ്പെടാതെ ഉപേക്ഷിക്കുകയായിരുന്നു. കോഴിക്കോടായിരുന്നു മലൈബാറിന്റെ വാണിജ്യ തലസ്ഥാനം. ഇന്ത്യൻ മഹാസമുദ്രത്തിലെ തീരദേശം പങ്കിടുന്ന തുറമുഖങ്ങൾക്കെല്ലാം അക്കാലത്ത് വലിയ പ്രാധാന്യമുണ്ടായിരുന്നു. കണ്ണൂർ, ബേപ്പൂർ, കടലുണ്ടി, താനൂര്, പൊന്നാനി, മുസ്‌രിസ്, കൊച്ചി, കൊല്ലം എന്നീ തുറമുഖങ്ങളൊക്കെ അത്തരത്തിൽ അറിയപ്പെട്ടതായിരുന്നു. എങ്കിലും കൂടുതൽ സുരക്ഷിതവും എളുപ്പവുമായ തുറമുഖം കോഴിക്കോട് ആയിരുന്നതിനാൽ കോഴിക്കോട് കേന്ദ്രീകരിച്ചാണ് മലൈബാറിലെ വാണിജ്യം വികസിച്ചത്. പിന്നീട് ഇസ്‌ലാമിന്റെ ആഗമനത്തോടെ കോഴിക്കോട് തീര ദേശങ്ങളിൽ മുസ്‌ലിംകൾ മസ്ജിദും ദർസും സ്ഥാപിച്ച് ജനവാസം തുടങ്ങി. കച്ചവടക്കാർക്ക് താമസിക്കാനും അവരുടെ വ്യാപാര വസ്തുക്കൾ സൂക്ഷിക്കാനും കുറ്റിച്ചിറ അടക്കമുള്ള നാടുകളിൽ സൗകര്യമൊ രുക്കപ്പെട്ടു.

മധ്യകാലത്ത്, ഏകദേശം ഇതേ സമയത്ത് തന്നെയാണ് ഏറനാട് ഭരണാധികാരിയായിരുന്ന സാമൂതിരി ശക്തി പ്രാപിക്കുന്നതും മറ്റ് നാടുവാഴികൾ എല്ലാം തന്റെ അധികാരത്തിന് കീഴിലാവുന്നതും. സമുദ്രാന്തര കച്ചവടം കോഴിക്കോട് കേന്ദ്രീകരിച്ചാണെന്ന് മനസ്സിലാക്കിയ സാമൂതിരി, സാമ്രാജ്യം ശക്തിപ്പെടുത്തുന്നതിനായി തന്റെ തലസ്ഥാനം കോഴിക്കോട്ടേക്ക് മാറ്റി. കച്ചവടത്തിന് ഒരു വ്യവസ്ഥാപിത രൂപം നൽകുകയും വ്യാപാരികൾക്ക് സർവ്വവിധ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്തു. അങ്ങനെയാണ് സാമൂതിരി രാഷ്ട്രീയപരമായും സാമ്പത്തികപരമായും വലിയ ശക്തിയായി മാറുന്നത്. അങ്ങനെയാണ് മലൈബാറിന്റെ വാണിജ്യ തലസ്ഥാനമായി കോഴിക്കോട് മാറുന്നത്. കച്ചവടക്കാരിൽ പ്രമുഖരും അറബികൾ ആയിരുന്നതുകൊണ്ട് സാമൂതിരി അറബികളുമായി ആഴത്തിൽ ബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുകയും അതിനായി ഭരണത്തിൽ മുസ്‌ലിംകളെ ഉൾപ്പെടുത്തുകയും ചെയ്തു. അവർണരും അധമരുമായ വിഭാഗങ്ങളോട് പരിഷ്കരണത്തിനും അവരുടെ സാമൂഹിക നില ഉയർത്തുന്നതിനും വേണ്ടി ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യാനും സാമൂതിരി ആവശ്യപ്പെട്ടിരുന്നു. ഒപ്പം പരിവർത്തനം ചെയ്യുന്നവർക്ക് സാമൂതിരി തന്നെ സഹായഹസ്തങ്ങളും നീട്ടി. വാണിജ്യത്തെ സഹായിക്കുന്നതോടൊപ്പം സാമൂതിരി മുസ്‌ലിംകളെയും അകമഴിഞ്ഞ് സഹായിച്ചിരുന്നു.

# Extraordinary People Deserve Extraordinary Space!

We build out-of-the-ordinary spaces that cater to your unique needs and aspirations.




TALENCART RETAIL

chilgrove

TALENMARK HEALTH

PEOPLE N SPACE

TALENMARK HOSPITALITY




MYDAY

TALENMARK BUILDERS

CULTURAL CENTRE

TPS

TALENMARK DEVELOPERS




# മതം, സമൂഹം, സംസ്കാരം

> **പ്രബോധകരായും വ്യാപാരികളായും വന്ന അറബികൾ, മലൈബാറിൽ മസ്ജിദുകൾ നിർമ്മിക്കുകയും തദ്ദേശീയ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തിരുന്നു. ഈ വിവാഹ ബന്ധത്തിലൂടെ രൂപപ്പെട്ട പുതിയ സമൂഹമാണ് മാപ്പിളമാർ എന്നൊരു ചരിത്ര നിഗമനം കൂടിയുണ്ട്.**

മുഹമ്മദ് നബി (സ)യുടെ കാലത്ത് തന്നെ ഇസ്ലാം കേരളത്തിലെത്തിയിട്ടുണ്ട്. പ്രവാചകർക്ക് മുമ്പേ തന്നെ മലൈബാറിന് മക്കയുമായി വിപുലമായ വ്യാപാരബന്ധമുണ്ടായിരുന്നു. പുരാതന അറബ് കാവ്യങ്ങളിൽ ഇന്ത്യൻ നിർമിത വാളുകളെ പറ്റിയുള്ള ധാരാളം പരാമർശങ്ങൾ കാണാം. അക്കാലത്ത് ഇന്ത്യയിൽ വാളുകൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത് ഇന്നത്തെ മലപ്പുറത്തെ കിഴക്കുഭാഗത്തുള്ള പ്രദേശങ്ങളിലായിരുന്നു. പ്രസ്തുത വാളുകൾ നിർമ്മിക്കപ്പെട്ടത് കരുവാരക്കുണ്ട് എന്ന പ്രദേശത്തുനിന്നായിരിക്കാമെന്ന് സമീപകാലത്തെ ചില ഗവേഷണങ്ങൾ അനുമാനിക്കുന്നു. മാത്രമല്ല, അബൂ സഈദുൽ ഖുദ് രി റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ; ഇന്ത്യൻ രാജാവ് പ്രവാചകന് ഒരു ഭരണി നിറയെ ഇഞ്ചി കൊണ്ടുണ്ടാക്കിയ പലഹാരം ഉപകാരമായി നൽകുന്നതായി പ്രതിപാദിക്കുന്നുണ്ട്. ഇങ്ങനെ അറേബ്യയും മലബാറും തമ്മിൽ പുരാതനകാലം മുതൽക്കെ വാണിജ്യഗതാഗത ഇടപാടുകൾ ഉണ്ടായിട്ടുണ്ട് എന്ന് തെളിയിക്കുന്ന അനേകം രേഖകൾ ഉണ്ട്. ഇത്തരം ഗതാഗതത്തിലൂടെയാണ് ഇസ്ലാം കേരളത്തിലേക്ക് സഞ്ചരിച്ചതും.

പ്രധാനമായും അറേബ്യ, യമൻ എന്നീ നാടുകളിൽ നിന്നാണ് ഇസ്ലാം കേരളത്തിൽ എത്തിച്ചേരുന്നത്. പ്രബോധകരായും വ്യാപാരികളായും വന്ന അറബികൾ, മലൈബാറിൽ മസ്ജിദുകൾ നിർമ്മിക്കുകയും തദ്ദേശീയ സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്തിരുന്നു. ഈ വിവാഹ ബന്ധത്തിലൂടെ രൂപപ്പെട്ട പുതിയ സമൂഹമാണ് മാപ്പിളമാർ എന്നൊരു ചരിത്ര നിഗമനം കൂടിയുണ്ട്. തുറമുഖതീരപ്രദേശങ്ങളിൽ അറബികൾ നിർമ്മിച്ച ഇത്തരം മസ്ജിദുകൾ കേന്ദ്രീകരിച്ചാണ് മലബാറിലെ വ്യാപാര പ്രവർത്തനങ്ങൾ നടന്നത്. കോഴിക്കോട് കുറ്റിച്ചിറ പ്രദേശവും മിശ്കാൽ പള്ളിയും ഇതിന് ഉത്തമ ഉദാഹരണമാണ്. മിശ്കാൽ പള്ളി നിർമ്മിക്കുന്നത് തന്നെ പ്രമുഖ അറബ് വ്യാപാരി നാഖുദ മിശ്കാൽ എന്ന വ്യക്തിയാണ്. സ്വന്തമായി കപ്പലും വ്യാപാരവുമുള്ള സമ്പന്നരാണ്

**ഓരോ ഹജ്ജിനും കച്ചവട വസ്തുക്കൾ നിറച്ച വലിയ കപ്പൽ ഹാജിമാരെയും വഹിച്ചുകൊണ്ട് മലൈബാറിൽ നിന്ന് മക്കയിലേക്ക് കുതിച്ചിരുന്നു.**



നാഖുദകൾ. നിസ്കാരത്തിനായി വിശാലമായ മസ്ജിദ് നിർമ്മിച്ചതോടൊപ്പം വ്യാപാരികൾക്ക് വിശ്രമിക്കാനും അവരുടെ കച്ചവട സാധനങ്ങൾ സൂക്ഷിക്കാനും ഗോഡൗണുകളും നിർമ്മിച്ചിരുന്നു. അതോടൊപ്പം വ്യത്യസ്ത നാടുകളിൽ നിന്നുള്ള സഞ്ചാരികളും കച്ചവടക്കാരും സംഗമിക്കുന്ന ഒരു കോസ്മോപൊളിറ്റൻ ഇടമാക്കി കുറ്റിച്ചിറയെ മാറ്റാനും അദ്ദേഹം ശ്രമിച്ചിരുന്നു. വ്യത്യസ്ത ദേശക്കാർ മിശ്കാൽ പള്ളിക്ക് മുൻവശത്തുള്ള കുളത്തിനരികെ കൂട്ടം കൂടിയിരുന്ന് അവരവരുടെ നാട്ടിലെ സംസ്കാരത്തെ കുറിച്ചും ജ്ഞാന പാരമ്പര്യത്തെ കുറിച്ചും സംസാരിക്കുകയും ചർച്ച നടത്തുകയും ചെയ്തിരുന്നു.

അതേ പ്രകാരം വ്യാപാര നെറ്റ് വർക്കുകളിലൂടെ രൂപപ്പെട്ട മതപരമായ കൈ മാറ്റങ്ങളെക്കുറിച്ച് പ്രമുഖ ചരിത്രകാരൻ സെബാസ്റ്റ്യൻ പ്രാങ് മൺസൂൺ ഇസ്ലാം എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. മുമ്പേ സൂചിപ്പിച്ച പോലെ വാണിജ്യ കപ്പലുകളിലാണ് പണ്ഡിതരും സൂഫികളും മലൈബാറിൽ എത്തിച്ചേർന്നത്. മാത്രമല്ല ഇവിടെയെത്തിയ പ്രബോധകർക്ക് ജീവിക്കാനും പാർപ്പിടത്തിനും സഹായഹസ്തങ്ങൾ നൽകുകയും മത സംസ്ഥാപനത്തിനായി മസ്ജിദുകളും ദർസുകളും സ്ഥാപിക്കുകയും വിദേശത്തുനിന്ന് ഗ്രന്ഥങ്ങൾ വരുത്തിക്കുകയും ചെയ്തിരുന്നു. പ്രബോധകർ തിരിച്ചു വ്യാപാരികൾക്ക് ആത്മീയ മാർഗനിർദേശവും കർമശാസ്ത്ര നിർദ്ദേശങ്ങളും നൽകിയിരുന്നു. അതേ പോലെ, മത വ്യാപാര നെറ്റവർക്കുകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഹജ്ജ് വ്യാപാര കപ്പലുകൾ. ഹജ്ജ് ഒരേസമയം അല്ലാഹുവിൽ നിന്നുള്ള ഒരു ആത്മീയ ഉൾവിളിക്കുത്തരം നൽകുന്നതോടൊപ്പം നല്ല കച്ചവടസാധ്യതയും തുറന്നിരുന്നു. ഓരോ ഹജ്ജിനും കച്ചവട വസ്തുക്കൾ നിറച്ച വലിയ കപ്പൽ ഹാജിമാരെയും വഹിച്ചുകൊണ്ട് മലൈബാറിൽ നിന്ന് മക്കയിലേക്ക് കുതിച്ചിരുന്നു. ഇതോടൊപ്പം തന്നെ വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം ഹജ്ജ് യാത്ര വിജ്ഞാനം തേടിയുള്ള ഒരു യാത്ര കൂടിയായിരുന്നു. മക്കയിലേയും മദീനയിലേയും പ്രമുഖ പണ്ഡിതരുടെ ദർസുകളിൽ സംബന്ധിക്കാനും അവരുടെ ശിഷ്യത്വം നേടാനുമുള്ള ഒരു മാർഗം കൂടിയായിരുന്നു ഇത്തരം യാത്രകൾ. ഇതേ വാണിജ്യ കപ്പലുകളിൽ തന്നെയാണ് അറിവിന്റെ സഞ്ചാരങ്ങളിൽ നല്ലൊരു ഭാഗവും ഉണ്ടായിട്ടുള്ളതും. ഇബ്നുഹജർ (റ) വിന്റെ ഫതാവൽ ഹദീസിയ്യയിൽ ഒരു ചോദ്യത്തിന് നേർക്ക് മലൈബാറിൽ നിന്നുള്ള ചോദ്യം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. ഇത്തരം വാണിജ്യ കപ്പലുകളിലാണ് ഈ ചോദ്യം മക്കയിൽ എത്തിയതും മലൈബാറിലേക്ക് തിരിച്ചു വന്നതും എന്നത് ശ്രദ്ധേയമാണ്.

മത സംസ്ഥാപനത്തിൽ വാണിജ്യം വഹിച്ച പങ്ക് മധ്യകാലത്തെ ചരിത്രത്തിൽ ധാരാളമായി കാണാം. ഉദാഹരണത്തിന്, മധ്യകാലത്തെ അറിയപ്പെട്ട കർമശാസ്ത്ര വിശാരദനും മത പ്രബോധകനും

**ഇസ്‌ലാമിക വൈജ്ഞാനിക പാരമ്പര്യത്തിന്റെ ശൃംഖലയിലേക്ക് വൻ പണ്ഡിത വ്യൂഹത്തെയും എണ്ണമറ്റ അമൂല്യ ഗ്രന്ഥങ്ങളെയും സമർപ്പിക്കാൻ മലൈബാറിന് സാധിച്ചിട്ടുണ്ട്.**

ആയിരുന്നു ഫഖീഹ് അഹ്മദ് ഉമർ സൈതൂനി.

കിഴക്കനേഷ്യൻ നാടുകളുമായുള്ള മലൈബാറിന്റെ കുരുമുളക് വ്യാപാര നെറ്റ്‌വർക്കിലൂടെയാണ് അദ്ദേഹം ഇവിടെ എത്തിച്ചേർന്നത്. മലൈബാറിൽ നിന്നുള്ള കുരുമുളക്, സുഗന്ധവിളകൾ എല്ലാം വ്യാപകമായി ഇറക്കുമതി ചെയ്തിരുന്ന സൈതൂനി (അഥവാ ആധുനിക ചൈനയിലെ ഗ്യാങ്ഷൂ) നിൽ നിന്നാണ് അദ്ദേഹം കച്ചവടക്കപ്പലിൽ ചാലിയത്തെത്തുന്നത്. ശേഷം തന്റെ വീട് കേന്ദ്രീകരിച്ച് അദ്ദേഹം വലിയ ദർസ് നടത്തിയിരുന്നു. ഇത്തരത്തിൽ വിജ്ഞാനം തേടി വിദ്യാർഥികൾ മലൈബാറിൽ നിന്ന് പുറത്തേക്കും വാണിജ്യ അവസരങ്ങൾ തേടി ആളുകൾ മലൈബാറിലേക്കും എത്തിയതിന്റെ ഫലമായിട്ടാണ് പൊന്നാനിയിൽ ആധുനിക സർവകലാശാല രൂപത്തിലുള്ള ദർസ് ആരംഭിക്കുന്നതും അവ പിന്നീട് വിപുലപ്പെടുന്നതും. ഇസ്‌ലാമിക വൈജ്ഞാനിക പാരമ്പര്യത്തിന്റെ ശൃംഖലയിലേക്ക് വൻ പണ്ഡിത വ്യൂഹത്തെയും എണ്ണമറ്റ അമൂല്യ ഗ്രന്ഥങ്ങളെയും സമർപ്പിക്കാൻ മലൈബാറിന് സാധിച്ചിട്ടുണ്ട്. ഒരേ കാലഘട്ടത്തിൽ തന്നെ അനേകം ചരിത്ര സന്ധികളിലൂടെ കടന്നുപോയ മലൈബാർ മത സാമൂഹിക, രാഷ്ട്രീയ, അക്കാദമിക മേഖലകളിൽ ശ്രദ്ധേയമായ മുദ്രകൾ പതിപ്പിച്ചതോടൊപ്പം അനേകം സംസ്കാരങ്ങളുമായി കൊടുക്കൽവാങ്ങലുകൾ നടത്തിയിട്ടുണ്ട്.

എങ്കിലും 1956 ൽ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തോടെ ചരിത്രപ്രാധാന്യമുള്ള മലൈബാറിന്റെ പൈതൃകത്തെ അവഗണിക്കപ്പെടുകയാണുണ്ടായത്. സംസ്ഥാന രൂപീകരണത്തിന്റെ തൊട്ടടുത്ത വർഷങ്ങളിൽ തന്നെ മലൈബാർ പ്രദേശം വ്യത്യസ്ത ജില്ലകളായി വിഭജിക്കപ്പെട്ടു. ഇതോടെ മലൈബാർ എന്ന ചരിത്ര, സാമൂഹിക, സാംസ്കാരിക അവബോധം നഷ്ടപ്പെടുകയും മറവികളിലേക്ക് അതിനെ തള്ളപ്പെടാനും തുടങ്ങി. കൃത്യമായ സംരക്ഷണവും പരിഗണനയും ലഭിക്കാത്തത് മൂലം അനേകം ചരിത്രശേഷിപ്പുകൾ നശിച്ചു പോയിട്ടുണ്ട്. പര്യാപ്തമായ ഫണ്ടുകളുടെ അഭാവവും ഇതിന് കാരണമായിട്ടുണ്ട്. എന്നാൽ അടുത്തിടെയായി സർക്കാറിനെയും എൻ.ജി.ഒ. കളുടെയും സ്വകാര്യ വ്യക്തികളുടെയും നേതൃത്വത്തിൽ പൈതൃക സംരക്ഷണ നീക്കങ്ങൾ നടക്കുന്നുണ്ട് എന്നത് പ്രതീക്ഷാപരമാണ്. എങ്കിലും ഇനിയും ഗവേഷണങ്ങൾ നടക്കേണ്ടതുണ്ട്. പൈതൃകങ്ങൾ കൂടുതൽ ചരിത്രപ്രാധാന്യത്തോടെ തന്നെ സംരക്ഷിക്കപ്പെടുകയും പഠിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്. ○





STAFF REPORTER

# കാലത്തെ അതിജീവിക്കുന്ന പരമ്പരാഗത സൂക്കുകൾ

**അറബിയിൽ 'സൂക്ക്' എന്നാൽ മാർക്കറ്റ് പ്ലേസ് അല്ലെങ്കിൽ ചന്ത എന്നാണ് അർത്ഥം. പേർഷ്യൻ സ്വാധീനമുള്ള രാജ്യങ്ങളിൽ അവയെ ബസാർ എന്നും വിളിക്കുന്നു. ബിസി 3000ൽ തന്നെ സൂക്കുകൾ നിലനിന്നിരുന്നതായി ചരിത്രം പറയുന്നു.**

നൂറ്റാണ്ടുകൾക്ക് മുമ്പ്, ഓൺലൈൻ വ്യാപാരവും ആധുനിക മാളുകളും മനുഷ്യർ ഭാവന ചെയ്യുന്നതിനും മുൻപ്, വാണിജ്യവ്യാപാര കേന്ദ്രങ്ങളായിരുന്ന സൂക്കുകൾ നിലവിലുണ്ടായിരുന്നു. ഇന്നും വടക്കേ ആഫ്രിക്കൻ, പശ്ചിമേഷ്യൻ രാജ്യങ്ങളിൽ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായി സൂക്കുകൾ കാണാം. അവയിൽ പലതും നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ്. സൗദി അറേബ്യയിലെ സൂക്ക് ഒകാസ്, മൊറോക്കോയിലെ ജെമാ എൽ ഫനാ, മദീന സൂക്ക്, ലെബനൻ ട്രിപ്പോളിയിലെ സൂക്ക് അൽ സയാഗീൻ, ഇസ്താംബുളിലെ ഗ്രാൻഡ് ബസാർ, ദുബായിലെ ഗോൾഡ് സൂക്ക് എന്നിവയാണ് ലോകപ്രശസ്ത സൂക്കുളിൽ ചിലത്. ഖാൻ എൽഖലീലി, കെയ്റോ, മനാമ സൂക്ക്, ബഹ്റൈൻ, സൂക്ക് വാഖിഫ്, ദോഹ എന്നിവയും ആധുനികലോകത്തിൽ പഴമയുടെ മഹിമ വിളിച്ചോതുന്ന സൂക്കുകൾ ആണ്. ഇന്ത്യയിൽ മുഗൾ ചക്രവർത്തി ഷാജഹാൻ തന്റെ പ്രിയപ്പെട്ട മകൾ ജഹനാരയ്ക്ക് അവൾക്ക് ആവശ്യമുള്ളതെല്ലാം വാങ്ങാൻ വേണ്ടി പണികഴിപ്പിച്ചതെന്ന് പറയപ്പെടുന്ന ഡൽഹിയിലെ ചാന്ദ്നി ചൗക്കിന് പരമ്പരാഗത സൂക്കിന്റെ എല്ലാ സവിശേഷതകളും ഉണ്ടായിരുന്നു. ഡൽഹിയുടെ പൈതൃകത്തിൽ ഇന്നും പ്രാധാന്യമുള്ള ഈ മാർക്കറ്റ് പ്ലേസ് രൂപകല്പന ചെയ്തത് ജഹനാര തന്നെയാണ്.

അറബിയിൽ 'സൂക്ക്' എന്നാൽ മാർക്കറ്റ് പ്ലേസ് അല്ലെങ്കിൽ ചന്തസ്ഥലം എന്നാണ് അർത്ഥം. പേർഷ്യൻ സ്വാധീനമുള്ള രാജ്യങ്ങളിൽ അവയെ ബസാർ എന്നും വിളിക്കുന്നു. ബിസി 3000ൽ തന്നെ സൂക്കുകൾ നിലനിന്നിരുന്നതായി ചരിത്രം പറയുന്നു. പുരാതന

പേർഷ്യയിൽ നിന്നാണ് ഇവയുടെ ഉത്ഭവം എന്ന് പറയപ്പെടുന്നു. അറബികൾ പുരാതന ലോകത്തെ വ്യാപാരികളായിരുന്നതിനാൽ അറബ് സമൂഹങ്ങളിൽ സൂക്കുകൾക്ക് ഒരു പ്രധാന സ്ഥാനമുണ്ടായിരുന്നു. അറബ് വ്യാപാരികൾ ആഫ്രിക്കയിൽ നിന്ന് യൂറോപ്പിലേക്കും ലോകമെമ്പാടുമുള്ള മറ്റ് രാജ്യങ്ങളിലേക്കും സഞ്ചരിച്ചു സാധനങ്ങൾ വാങ്ങുകയും അവരുടെ വ്യാപാര വസ്തുക്കൾ വിൽക്കുകയും ചെയ്തു. അവർ ചെറു യാത്രാ സംഘങ്ങളായി സഞ്ചരിക്കുകയും വിശ്രമത്തിനായി നിൽക്കുന്നിടത്ത് സാധനങ്ങൾ വിൽക്കുകയും വാങ്ങുകയും ചെയ്തുവന്നിരുന്നു. അവിടെ സൂക്കുകൾ ഉണ്ടായി. ഈ സൂക്കുകളിൽ ആളുകൾ കന്നുകാലികൾ, സുഗന്ധ വ്യഞ്ജനങ്ങൾ, വിളകൾ, സുഗന്ധദ്രവ്യങ്ങൾ, തുണിത്തരങ്ങൾ എന്നിവ വാങ്ങുകയും വിൽക്കുകയും ചെയ്തു.

എന്നാൽ ഈ സൂക്കുകൾ കേവലം വാണിജ്യ കേന്ദ്രങ്ങൾ ആയിരുന്നില്ല, മറിച്ച് ആളുകൾ ഒത്തുകൂടുകയും അവരുടെ ജീവിതത്തിലും ചുറ്റുപാടുകളിലും നിന്നുള്ള ഏറ്റവും പുതിയ സംഭവങ്ങളുടെ വിവരങ്ങളും വാർത്തകളും പങ്കിടുകയും ചെയ്യുന്ന സ്ഥലങ്ങളും ആയിരുന്നു. പലയിടത്തും ഈ സൂക്കുകൾ സാമൂഹിക സാംസ്കാരിക പരിപാടികളുടെ വേദിയായും പ്രവർത്തിച്ചുവന്നു. പരമ്പരാഗതമായി, സൂക്കുകൾ ഓപ്പൺ എയർ മാർക്കറ്റ് പ്ലേസുകളാണ്. പുരാതന കാലത്ത് താൽക്കാലിക സൂക്കുകളും സ്ഥിരമായവയും നിലവിലുണ്ടായിരുന്നു. എന്നാൽ ഇന്ന്, മിക്ക സൂക്കുകളും സ്ഥിരമായി ഉള്ളവയാണ്. ഇത്തരം സൂക്കുകൾ ഒരു പൊതു പാറ്റേൺ പിന്തുടരുന്നു. കടകളിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ തരം അനുസരിച്ച് സൂക്കുകൾക്ക് പല വിഭാഗങ്ങളുണ്ടെന്ന് നമ്മൾക്ക് കാണാനാവും. ഒരേ തരത്തിലുള്ള സാധനങ്ങൾ വിൽക്കുന്ന കടകൾ എല്ലാം ഒരിടത്തായിരിക്കും. അങ്ങനെ സുഗന്ധ വ്യഞ്ജനങ്ങളുടെ സൂക്ക്, തുണികളുടെ സൂക്ക്, എന്നിങ്ങനെയുള്ളവ നിങ്ങൾക്ക് കാണുവാൻ സാധിക്കും. ഒരേ തരത്തിലുള്ള ഉൽപന്നങ്ങൾ വിൽക്കുന്ന കടകൾ ഒരിടത്താണെങ്കിൽ കടയുടമകളുടെ ബിസിനസ് താൽപ്പര്യങ്ങളെ മോശമായി ബാധിക്കുമോ എന്ന് പലരും പലപ്പോഴും ചിന്തിക്കാറുണ്ട്. എന്നാൽ ഇത് വിൽപ്പനക്കാർക്കിടയിൽ മത്സരം പ്രോത്സാഹിപ്പിക്കുന്നതിന് ബോധപൂർവമാണ് ചെയ്യുന്നത്. വാങ്ങുന്നവരുടെ കാര്യം വരുമ്പോൾ, വിലയും ഗുണനിലവാരവും വൈവിധ്യവും താരതമ്യം ചെയ്യാൻ ഈ ക്രമീകരണം അവരെ സഹായിക്കുന്നു.




**അറബികൾ പുരാതന ലോകത്തെ വ്യാപാരികളായിരുന്നതിനാൽ അറബ് സമൂഹങ്ങളിൽ സൂക്കുകൾക്ക് ഒരു പ്രധാന സ്ഥാനമുണ്ടായിരുന്നു.**

സൂക്കുകൾ ഇസ്ലാം മതവുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു, പരമ്പരാഗത സൂക്കുകളുടെ വാസ്തുവിദ്യയെ മതം വളരെയധികം സ്വാധീനിക്കുന്നുണ്ട്. പരമ്പരാഗത അറബ് സൂക്കിന്റെ മധ്യഭാഗത്ത് ഒരു പള്ളിയുണ്ടാകും. ഒന്നുകിൽ പള്ളിയിലേക്കുള്ള വഴിയിലോ പള്ളിക്ക് ചുറ്റുമോ ആണ് സൂക്കുകൾ സ്ഥിതി ചെയ്യുന്നത്. മസ്ജിദിന് ചുറ്റും വിശുദ്ധ ഖുറാൻ, തസ്ബീഹ് മാലകൾ, സുഗന്ധങ്ങൾ തുടങ്ങിയ മതപരമായ സാധനങ്ങൾ വിൽക്കുന്ന കടകൾ ഉണ്ടാകും. മതപരമായ വലിയ പ്രാധാന്യമില്ലാത്ത സാധനങ്ങൾ വിൽക്കുന്ന കടകൾ പള്ളിയിൽ നിന്ന് അകലെയായിരിക്കും സ്ഥിതി ചെയ്യുന്നത്.

ഇത്രയധികം ചരിത്രപ്രാധാന്യമുള്ള സൂക്കിന്റെ ഇക്കാലത്തെ പുനരാവിഷ്കാരമാണ് മർക്കസ് നോളജ് സിറ്റിയിലെ കൾച്ചറൽ സെന്ററിൽ ഇപ്പോൾ ഉയർന്നുവരുന്നത്. കൾച്ചറൽ സെന്ററിന്റെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണ് സൂക്ക് എന്ന സങ്കൽപ്പം ഉണ്ടാവുന്നത്. റോയൽ റിച്ച് കോൺസെപ്റ്റിനെ ഉൾക്കൊണ്ടുകൊണ്ട് 150തോളം ഷോപ്പുകളോടു കൂടിയ സൂക്ക് നോളജ് സിറ്റിയുടെ ഹൃദയഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. തദ്ദേശീയമായ രീതിയിൽ സമ്മിശ്രിതമായ ഒരു സംസ്കാരം ഉൾപ്പെടുത്തിക്കൊണ്ട് വ്യത്യസ്തമായ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാക്കിയെടുക്കുക എന്നതാണ് സൂക്കിന്റെ പിന്നിലെ വിജയലക്ഷ്യം. ○

# കേരള തീൻമേശയിലെ പാരമ്പര്യങ്ങൾ

സ്വത്വങ്ങളുടെയും ചരിത്രങ്ങളുടെയും ആവിഷ്കാരമാണ് ഭക്ഷണം. ആർട്ട് ക്യൂറേറ്ററും എഴുത്തുകാരിയുമായ താന്യ എബ്രഹാം അടുത്തിടെ പുറത്തിറങ്ങിയ തന്റെ 'Eating with History' എന്ന പുസ്തകത്തെക്കുറിച്ച് സംസാരിക്കുന്നു.




പുരാതന മലബാറിലെ സുഗന്ധവ്യഞ്ജന വ്യാപാരത്തിന്റെ ഫലമായി ഉയർന്നുവന്ന, കേരളത്തിന്റെ അതിസമ്പന്നമായ സംസ്കാരത്തിന്റെയും പാചകരീതികളുടെയും ഉത്ഭവപരിണാമത്തെക്കുറിച്ചുള്ള ചില ഉൾക്കാഴ്ചകൾ പങ്കിടുകയാണ് താന്യ എബ്രഹാം. കേരളത്തിലെ വ്യാപാര പ്രവർത്തനത്തിന്റെ വലിയൊരു ശതമാനം ഇപ്പോഴും സുഗന്ധവ്യഞ്ജനങ്ങൾ തന്നെയാണ്. ഇന്ത്യയിൽ നിന്നുള്ള സുഗന്ധവ്യഞ്ജന കയറ്റുമതിയുടെ നാലിൽ മൂന്ന് ഭാഗവും കേരളത്തിൽ നിന്നാണ് താനും.

മുൻ പത്രപ്രവർത്തകയും നിലവിൽ പ്രസിദ്ധ എഴുത്തുകാരിയുമാണ് താന്യ എബ്രഹാം. 'Eating With History: Ancient Trade-Influenced Cuisines of Kerala' എന്ന തന്റെ രണ്ടാമത്തെ പുസ്തകം കേരളീയ പാചകരീതിയുടെ വർണ്ണാഭമായ യാത്രയിലേക്കും അതിന്റെ വേരുകളിലേക്കുമുള്ള അന്വേഷണമാണ്.

**സ്വയം പരിചയപ്പെടുത്തി തുടങ്ങാമെന്ന് തോന്നുന്നു.**

എന്റെ പേര് താന്യ എബ്രഹാം. കേരളത്തിലെ പുരാതന പട്ടണമായ ഫോർട്ട് കൊച്ചിയിലാണ് ഞാൻ ജനിച്ചതും വളർന്നതുമൊക്കെ. ഇപ്പോൾ കൊച്ചിയിലാണ് താമസിക്കുന്നത്. നിലവിൽ ഒരു ആർട്ട് ക്യൂറേറ്ററായി പ്രവർത്തിക്കുന്നു, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന The Art Outreach Society (TAOS) യുടെ സ്ഥാപകയാണ്. നിലവിൽ Practice in Curating എന്ന വിഷയത്തിൽ സൂറിച്ച് യൂണിവേഴ്സിറ്റി ഓഫ് ആർട്സിൽ നിന്ന് പി.എച്ച്.ഡി ചെയ്തു കൊണ്ടിരിക്കുന്നു. മുമ്പ്, ഞാൻ ഒരു പത്രപ്രവർത്തകയായി ജോലി ചെയ്തിരുന്നു. എന്റെ രണ്ടാമത്തെ പുസ്തകമാണ് 'Eating With History: Ancient Trade-Influenced Cuisines of Kerala'.

> **സ്വത്വങ്ങളുടെയും ചരിത്രങ്ങളുടെയും മനുഷ്യകുടുംബങ്ങളുടെയും അനുഭവങ്ങളുടെയും ആവിഷ്കാരം കൂടിയാണ് ഭക്ഷണം എന്ന് ഞാൻ കണ്ടെത്തി.**


എന്റെ ഓർമ്മകളെ മാറ്റി നിർത്തിക്കൊണ്ട് എഴുതാൻ എനിക്ക് കഴിയുമായിരുന്നില്ല.

ആളുകളുടെ സ്വത്വത്തെ രൂപപ്പെടുത്തുന്ന ആത്മാവിനെയാണ് ഞാൻ അന്വേഷിക്കുന്നത്. സ്വത്വങ്ങളുടെയും ചരിത്രങ്ങളുടെയും മനുഷ്യകുടുംബങ്ങളുടെയും അനുഭവങ്ങളുടെയും ആവിഷ്കാരം കൂടിയാണ് ഭക്ഷണം എന്ന് ഞാൻ കണ്ടെത്തി. കുട്ടിക്കാലത്ത് എന്റെ നിരീക്ഷണങ്ങളുടെ കാതൽ എന്റെ മുത്തശ്ശിയുടെ കുസിഞ്ഞായിരുന്നു (പോർച്ചുഗീസ് മലയാളത്തിൽ അടുക്കള എന്ന് പറയും).



**നിങ്ങളുടെ പൂർവ്വികർ, നിങ്ങളുടെ ജന്മസ്ഥലം, സംസ്കാരം എന്നിവ നിങ്ങളുടെ നിരീക്ഷണങ്ങളെ സ്വാധീനിച്ചതെങ്ങനെയാണ് ?**

**മധ്യപൂർവദേശത്തു നിന്നും മെഡിറ്ററേനിയൻ സമുദ്രം വഴിയും വന്ന ജൂതന്മാരും അറബ് വ്യാപാരികളും അവരുടെ പിൻഗാമികളും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമൂഹങ്ങളും കൂടുതൽ ഇടപഴകാൻ തുടങ്ങി.**



ഒരുകാലത്ത് പോർച്ചുഗീസുകാരുടെയും ഡച്ചുകാരുടെയും ബ്രിട്ടീഷുകാരുടെയും യൂറോപ്യൻ കോളനിയായിരുന്ന ഫോർട്ട് കൊച്ചി എന്ന ചെറുപട്ടണത്തിലാണ് ഞാൻ വളർന്നത്. അവരെയെല്ലാം ഇങ്ങോട്ട് ആകർഷിച്ചിരുന്ന ഏറ്റവും പ്രധാന പ്രത്യേകത സുഗന്ധവ്യഞ്ജന വ്യാപാരമായിരുന്നു. ഫോർട്ട് കൊച്ചിയും അതിനോട് ചേർന്നുള്ള മട്ടാഞ്ചേരിയും സംസ്കാരങ്ങളുടെ സംഗമഭൂമിയായി ഇന്നും തുടരുന്നു. യൂറോപ്യൻ സ്വാധീനങ്ങളാൽ മാത്രമല്ല, മധ്യപൂർവദേശത്തു നിന്നും മെഡിറ്ററേനിയൻ സമുദ്രം വഴിയും വന്ന ജൂതന്മാരും അറബ് വ്യാപാരികളും അവരുടെ പിൻഗാമികളും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമൂഹങ്ങളും കൂടുതൽ ഇടപഴകാൻ തുടങ്ങി. മതസമൂഹങ്ങളുടെ സ്വാധീനം പട്ടണത്തിന്റെ എല്ലാ മുക്കിലും മൂലയിലും സ്ഥിരതാമസമാക്കി. എല്ലാത്തിനും ഇടയിലാണ് ഞാൻ വളർന്നത്.

എ ഡി 1341ലെ വെള്ളപ്പൊക്കത്തിനുശേഷം കൊടുങ്ങല്ലൂർ (ചരിത്ര പ്രശസ്തമായ മുസിരിസ് തുറമുഖം ഇവിടെയാണ്)

തുറമുഖവും കൊച്ചിയിൽ ഒരു തുറമുഖവും തുറന്നപ്പോൾ ഈ നഗരം ഒരു പ്രധാന വ്യാപാര തുറമുഖമായി മാറി. എന്റെ പിതൃ കുടുംബം കൊടുങ്ങല്ലൂരിൽ നിന്നുള്ളവരാണ്. ഏകദേശം 250 വർഷം മുമ്പാണ് അവർ കൊച്ചിയിലേക്ക് താമസം മാറുന്നത്. ഞാൻ വളർന്നത് ആ സ്ഥലത്തിന്റെ ബഹുസ്വര സംസ്കാരങ്ങൾ സ്വാംശീകരിച്ചുകൊണ്ടാണ്. മാത്രമല്ല, മത സമൂഹങ്ങളുടെ സംസ്കാരത്തിന്റെയും ചിന്തകളുടെയും സംയോജനത്തെ കൗതുകത്തോടെ വീക്ഷിക്കുകയും ചെയ്തു.

**ഫോർട്ട് കൊച്ചിയുടെ ചരിത്രത്തെ കുറിച്ച് എന്താണ് പറയാനുള്ളത്? കേരളത്തിലെ സംസ്കാരങ്ങളുടെയും പാചകരീതികളുടെയും സംഗമസ്ഥാനത്തെക്കുറിച്ചുള്ള നിങ്ങളുടെ ഗവേഷണത്തെ രൂപപ്പെടുത്തുന്നതിൽ അതിന്റെ പ്രാധാന്യം?**

എന്റെ കുടുംബവീട് അഥവാ തറവാട്, ഏകദേശം നൂറുവർഷത്തോളം സ്വാതന്ത്ര്യ സമരത്തിന്റെ കേന്ദ്രമായിരുന്നു. ജനിച്ചപ്പോൾ, കുടുംബത്തിലും പട്ടണത്തിലും നിലനിന്നിരുന്ന അഗാധമായ ദേശസ്നേഹത്തിന്റെ ബാക്കിപത്രങ്ങൾ ഞാൻ കണ്ടിരുന്നു. ഫോർട്ട് കൊച്ചിയെ ബ്രിട്ടീഷ് കൊച്ചി എന്നാണ് വിളിക്കപ്പെട്ടിരുന്നത്. സ്വാതന്ത്ര്യത്തിനായി പോരാടുന്ന വിശാലമായ ഇന്ത്യയിലെ ഒരു ചെറിയ പട്ടണമാണെങ്കിലും, ഇത് ബ്രിട്ടീഷുകാർക്ക് ഒരു പ്രധാന സ്റ്റേഷനായിരുന്നു.

എന്നെ സംബന്ധിച്ചിടത്തോളം, കുട്ടിക്കാലത്തെ തറവാട്ടിലെ ജീവിതം ഒരുപാട് ഓർമ്മകൾ നിറഞ്ഞതാണ്. കുടുംബാംഗങ്ങളിൽ നിന്നും വിവിധ സമുദായങ്ങളിൽ നിന്നുമുള്ള സന്ദർശകരിൽ നിന്നും ഞാൻ ദിവസം തോറും ആസ്വദിച്ച് കഥകൾ കേട്ടിരുന്നു. ഒരിക്കലും മറക്കാനാവാത്ത മധുരമുള്ള അനുഭവങ്ങളാണവ. എന്റെ പുസ്തകം സമർപ്പിച്ചിരിക്കുന്നത് മുത്തശ്ശിക്കാണ്. മുത്തശ്ശിയുടെ അടുക്കള (പോർച്ചുഗീസ് മലയാളത്തിൽ കുസിഞ്ഞിയ) യായിരുന്നു വീട്ടിലെ എല്ലാ സംഭവങ്ങളുടെയും അനക്കങ്ങളുടെയും ആത്മാവ്. അടുക്കളകൾ കുടുംബത്തിന്റെ സാംസ്കാരിക കേന്ദ്രം മാത്രമായിരുന്നില്ല. നഗരത്തിന്റെ കേന്ദ്രങ്ങൾ കൂടിയായിരുന്നു. ഇതിന്റെയെല്ലാം കാതലായി നിന്നത് ജനങ്ങളുടെ അസ്തിത്വത്തെ രൂപപ്പെടുത്തുന്ന വൈവിധ്യമാർന്ന ഭക്ഷണ രുചികളാണെന്ന് ഞാൻ മനസ്സിലാക്കി. മുത്തശ്ശിയുടെ അടുക്കളയിലെ സാംസ്കാരിക വൈവിധ്യത്തെ ഉദാഹരണത്തിനായി പറയാം. ലാറ്റിൻ കാത്തലിക്കുകളുടെ ഭക്ഷ്യ വിഭവമായ പെപ്പർ റോസ്റ്റ് ചിക്കൻ, അമ്മൂമയുടെ തീൻമേശയിൽ കാണപ്പെടാറുണ്ടായിരുന്നു. അതുപോലെ, പോർച്ചുഗീസുകാരിൽ നിന്ന് കടം കൊണ്ട,



**ഫോർട്ട് കൊച്ചിയെ ബ്രിട്ടീഷ് കൊച്ചി എന്നാണ് വിളിക്കപ്പെട്ടിരുന്നത്.**

അരിപ്പൊടിയിൽ നിന്ന് ഉണ്ടാക്കുന്ന ഒരു പ്രധാന വിഭവമാണ് പുട്ട്. അരി പാചകം ചെയ്യുന്നതിന്റെ ഒരു നവീന രൂപമായിട്ടാണ് പോർച്ചുഗീസുകാർ ഇതിനെ ഉപയോഗിച്ചതെന്ന് പറയപ്പെടുന്നു. പുട്ടുകുറ്റിയിലാണ് പുട്ട് പാകം ചെയ്യുന്നത്.

**ഭക്ഷണ ശീലങ്ങൾ, പാചകരീതികൾ, ജനപ്രിയ സുഗന്ധവ്യഞ്ജനങ്ങൾ, ചേരുവകൾ എന്നിവയെല്ലാം എങ്ങനെയാണ് സംസ്കാരങ്ങളുടെ കൊടുക്കൽവാങ്ങലുകൾ, പരിണാമം എന്നിവയുടെയൊക്കെ മുദ്ര പതിപ്പിക്കുന്നത്? കേരളത്തിന്റെ തനതായ പാചകരീതികളുടെ ഉത്ഭവ പരിണാമത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?**

സംസ്കാരങ്ങൾ പരസ്പരം സ്വാധീനിക്കുമ്പോഴും കൈമാറ്റങ്ങൾ നടക്കുമ്പോഴും സ്വാഭാവികമായി നടക്കുന്ന ഒരു പുരോഗതിയുണ്ട്. പലപ്പോഴും പ്രകൃത്യാ ജൈവികമായ ഒരു പുരോഗതിയാണത്.

ഒരു സംസ്കാരം മറ്റൊന്നുമായി ലയിക്കുമ്പോൾ പാചക മേഖലയിൽ, പാചകരീതിയിലും ചേരുവകളിലുമെല്ലാം പല അന്തരങ്ങളും സൃഷ്ടിക്കുന്നു.

ഭക്ഷണത്തിന്റെയും പാചകരീതിയുടെ രൂപത്തെയും സ്വാധീനിക്കുന്ന നിരവധി സവിശേഷ ഘടകങ്ങൾ ഉള്ളതിനാൽ, പുരാതന സുഗന്ധവ്യഞ്ജന വ്യാപാരത്തിൽ നിന്ന് ഉയർന്നുവന്ന കേരളത്തിന്റെ പാചകരീതികൾ സുഗന്ധവ്യഞ്ജന വ്യാപാരത്തിന്റെ മാത്രം പ്രത്യേകതയാണ്. വ്യാപാരത്തിനായി കേരളത്തിൽ എത്തിയവരും തദ്ദേശീയരുമായി വിവാഹ ബന്ധത്തിൽ ഏർപ്പെട്ട് പുതിയ സമൂഹമായി രൂപപ്പെട്ടവരും കേരളീയ ചേരുവകൾ ഉപയോഗിച്ച് പാചകം ചെയ്യാൻ തുടങ്ങി. സിറിയൻ ക്രിസ്ത്യൻ സമൂഹം കേരളത്തിലേക്ക് കുടിയേറിയപ്പോൾ കേരള ഭക്ഷ്യ രീതികൾ ഉപയോഗിച്ച് രൂപപ്പെടുത്തിയ വിഭവമാണ് താറാവ് റോസ്റ്റ്. പാരമ്പര്യങ്ങളും ശീലങ്ങളും വിദേശ സംസ്കാരങ്ങളും തദ്ദേശീയരുമായി ലയിച്ചിരുന്നു എന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്.

പാചകവുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സാമൂഹിക പ്രത്യേകതയാണ് മത നിയമങ്ങൾ പാചകരീതികളെ സ്വാധീനിക്കുന്ന രീതിയും വിധവും. മതം അനുശാസിക്കുന്ന നിയമം പാചകത്തിലും അനുസരിക്കപ്പെടാറുണ്ട്. ഉദാഹരണത്തിന്, ജൂതന്മാർ ഒരിക്കലും പാലും മാംസവും കലർത്താറില്ല. പകരം തേങ്ങാപ്പാലാണ് പാചകത്തിന് ഉപയോഗിക്കുക. ഇത്തരത്തിൽ പാചക മേഖലയിൽ മതങ്ങളുടെ ഇടപെടൽ പാചക രുചിഭേദങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്.

ചുവന്ന മുളകും ഒരിക്കലും കേരളീയ പാചകരീതിയുടെ ഭാഗമായിരുന്നില്ല. പൈനാപ്പിൾ, സപ്പോട്ട, സീതപ്പഴം, പുളി, തുടങ്ങിയ പഴങ്ങൾ ഉൾപ്പെടെ, പോർച്ചുഗീസുകാരാണ് ഇത് നമ്മിലേക്ക് കൊണ്ടുവന്നത്. പാചകത്തിൽ വിനാഗിരി അവതരിപ്പിച്ചതും അവരാണ്. മുൻ കാലങ്ങളിൽ തന്നെ നമ്മൾ കേരളീയർ വിനാഗിരി ഉപയോ ഗിച്ചിരുന്നു. പക്ഷേ പാചക ഘടകമായിട്ടായിരുന്നില്ല എന്ന് മാത്രം. വ്യത്യസ്ത നാടുകളിൽ നിന്നുള്ള ചേരുവകളുടെ ഒത്തുചേരൽ എപ്പോഴും പുതിയതും വ്യത്യസ്തവുമായ രുചികളെ ഉൽപ്പാദിപ്പിക്കുമെന്ന് ഞാൻ കരുതുന്നു.

ഓരോ ഭക്ഷ്യവിഭവങ്ങൾക്കും നാമകരണം ചെയ്യുന്നതിനെപ്പറ്റി ഒരു ഉദാഹരണം പറയാം.



അച്ചപ്പം അല്ലെങ്കിൽ റോസ് കുക്കികൾ എന്നറിയപ്പെടുന്ന, വിവിധ പേരുകളിൽ വിവിധ മത സമൂഹങ്ങളിൽ കാണപ്പെടുന്ന ഒരു ചായക്കടിയുണ്ട്. അരിപ്പൊടിയിൽ നിന്നും വറുത്താണ് ഇത് ഉണ്ടാക്കുന്നത്. ഇതിന്റെ ഉത്ഭവം ഒരു ജൂത കുടുംബത്തിൽ നിന്നാണ്. അച്ചപ്പം ജൂതന്മാർക്കിടയിൽ അറ്റ്സാഫോം എന്നും ആംഗ്ലോ ഇന്ത്യക്കാർക്കിടയിൽ റോസ്കുക്കികൾ എന്നും സിറിയൻ ക്രിസ്ത്യാനി കൾക്കിടയിലും ലാറ്റിൻ കത്തോലിക്കർക്കിടയിൽ അച്ചപ്പം എന്നും അറിയപ്പെടുന്നു.

**കേരളീയ വിഭവങ്ങളെ കുറിച്ച് അധികം അറിയപ്പെടാത്ത ഒരു വസ്തുതയെക്കുറിച്ച് ?**

കേരളീയ സംസ്കാരങ്ങളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ചില കേരളീയ വിഭവങ്ങൾ ഉണ്ട്. എന്നാൽ കേരളത്തിന്റെ വിഭവങ്ങൾ ബഹുസ്വര സ്വഭാവം സ്വീകരിച്ചത് മൂലം അവയുടെ സാംസ്കാരിക വേരുകൾ പരക്കെ അറിയപ്പെടാതെ പോവുകയാണുണ്ടായത്. മാത്രമല്ല, ഒരേ ഭക്ഷ്യ വിഭവത്തിന് തന്നെ വ്യത്യസ്ത പാചകരീതികൾ പിന്തുടരപ്പെടുന്നു എന്നതും ഒരു കാരണമാണ്. സമുദ്രങ്ങൾക്കപ്പുറമുള്ള കരകളിൽ നിന്ന് കേരളക്കരയിലേക്ക് കൊണ്ടുവന്ന പുരാതന സുഗന്ധവ്യഞ്ജന വ്യാപാരമാണ് ഈ പാചകരീതികളുടെ അടിസ്ഥാനം. അരനൂറ്റാണ്ടിലേറെ പിന്നിട്ടിട്ടും ഇവ കേരളത്തിന്റെ ഭക്ഷ്യ സംസ്കാരത്തിന്റെ ഒളി മങ്ങാത്ത ഭാഗമായി തുടരുന്നു. വളരെ പ്രധാനപ്പെട്ട ഒരു ഘടകം മതമാണ്. മതം എന്നത് കേരളത്തിലെ ചില ഭക്ഷണപാരമ്പര്യങ്ങളെയും ജൈവവളർച്ചയെയും ഓരോ പാചകരീതിയെയും എങ്ങനെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നു എന്നതിനെ എന്റെ പുസ്തകത്തിൽ വിവരിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ലോകത്ത് മറ്റൊരിടത്തും ഇത്രയേറെ അതുല്യമായ രുചികളുടെ സംയോജനവും വക ഭേദങ്ങളും നിലവിലില്ല. ○

*തയ്യാറാക്കിയത് :*

**എൻ. ഹബീബ ജാഫർ** (Courtesy: Roots and Leisure)

# മനുഷ്യപ്പറ്റോടെ മനുഷ്യനൊപ്പം

**മനുഷ്യ ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളോടും ചേർന്നു നിന്ന് അവന്റെ ആവശ്യ നിർവഹണത്തിൽ പങ്കാളിയാകുമ്പോളാണ് ഒരു യഥാർത്ഥ ബ്രാന്റ് സ്വയം കണ്ടെത്തുന്നത്. ടാലന്മാർക്ക് സ്വയം കണ്ടെത്തുന്നതും ഇത്തരമൊരിടത്താണ്.**

## സാംസ്കാരികം

CULTURAL CENTRE

എല്ലാം നേടിയാലും സാംസ്കാരം നഷ്ടമായാൽ എന്തു ഫലം. മനുഷ്യന്റെ ആന്തരിക വികാസ മാണ് കൾച്ചറൽ സെന്ററിന്റെ സ്ഥാപിത ലക്ഷ്യം. നൂറ്റാണ്ടുകളായി ഒരു നാടു കൊണ്ടു നടക്കുന്ന സാംസ്കാരിക വിനിമയങ്ങളെ കേന്ദ്രമാക്കി അവന്റെ ജ്ഞാനോദയത്തിനു വഴി തെളിക്കാ വുന്ന വിധം ഒരുക്കിയിരിക്കുന്ന അറിവിടങ്ങ ളിലൂടെ ഭാവിയെ സമ്പന്നമാക്കുന്നു.

## ഷോപ്പിങ്

MYDA

വിൽക്കൽ വാങ്ങലുകളിലൂടെയാണ് മനുഷ്യ സംസ്കാരം രൂപപ്പെട്ടത്. അതിൽ മനുഷ്യൻ ആനന്ദം കണ്ടെത്തുകയും ആവശ്യം പൂർത്തിയാക്കുകയും ചെയ്യുന്നു.

## നിത്യ ജീവിതം

TALENCART
RETAIL


അന്നന്നത്തേക്കുള്ള അന്നം കണ്ടെത്തുക മനുഷ്യ ന്റെ അടിസ്ഥാന ആവശ്യമാണ്. അവൻ അതിനാ യി നിരന്തരം പ്രയത്നിച്ചു കൊണ്ടേയിരിക്കുന്നു. മനുഷ്യപ്പറ്റോടെ ഇടപെടുകയും അവന്റെ ആവശ്യങ്ങളെ സാങ്കേതിക സംവിധാനങ്ങളിലൂടെ ലഘൂകരിക്കുകയും കൂടുതൽ ക്രിയാത്മകമായി പൂർത്തിയാക്കാൻ സഹായിക്കുകും ചെയ്യുന്നിട ത്താണ് ടാലന്മാർക്ക് വ്യത്യസ്തമാകുന്നത്.

## ആരോഗ്യം

TALENMARK
HEALTH

പ്രാഥമിക ആരോഗ്യ സംവിധാനങ്ങളെ കേന്ദ്രീകരിച്ചുള്ള ആരോഗ്യ സംവിധാനങ്ങളുടെ ശോഷിപ്പ് മനുഷ്യന്റെ പരമമായ നിലനിൽപ്പിനെ തന്നെ അപകടത്തിലാക്കുകയാണ്. ഇവിടെയാണ് ടാലന്മാർക്ക് ഹെൽത്ത് പ്രസക്തമാകുന്നത്. വ്യക്തി കേന്ദ്രീകൃതമായ ആരോഗ്യ സംരക്ഷണവും രോഗപ്രതിരോധ സംവിധാനങ്ങളുമാണ്. ടാലന്മാർക്ക് ഹെൽത്തിനെ വ്യത്യസ്തമാക്കുന്നത്.

# Culture Stands Tall, As Tall As This




## Largest cultural center

Built across sprawling 10 acres of land, the Markaz knowledge city hosts the nation's largest cultural center.

## Less carbon footprint

With the help of the latest technology, the cultural centre is built sustainably, ensuring minimal carbon footprint is left behind.

## Largest township in the Western Ghats

Located at one of the world's most unique ecosystems, the Markaz knowledge city is the largest township in the Western Ghats.

## Dome the size of 10 men

The 17m height & 15 m diameter dome is fixed on a steel structure

## Minarets

4 Minarets of 46m height with spherical top structure in 4m diameter, which is equal to the heigh of 26 men!

## Dome


Steel structure domes at 17m height & 15 m diameter

## Spiritual Enclave

It can accommodate up to 20,000 people at a time

## Library

Kerala's first 3D digital library and learning space



Land Area
**435600**
square feet

Super Developed Area
**655000**
square feet

Rooftop Garden
**72000**
square feet

learning space
**42000**
square feet

library and museum
**20000**
square feet

## അറിവ്

**TALENTALKS**

ആശയവിനിമയങ്ങളുടെ അറിവ് ആർജിക്കുന്നവനാണ് മനുഷ്യൻ. ടാലൻടോക്ക് ആശയവിനിമയങ്ങളുടെ പുതിയൊരു സാംസ്കാരിക വേദിയാണ്. പരമ്പരാഗത സംവിധാനങ്ങൾക്കു പുറമേ പുതു സാങ്കേതിക സംവിധാനങ്ങളും പോഡ്കാസ്റ്റുകളും ടാലൻ ടോക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്.

## വിനോദം

chilgrove
resort villas

തിരക്കുപിടിച്ച ജീവിതത്തിൽ നിന്നും ഒരു മാറി നിൽക്കൽ മനുഷ്യരുടെ സന്തുലിത ജീവിതത്തിന് ആവശ്യമാണ്. അവർക്ക് സ്വയം കണ്ടെത്താനും ആന്തരികമായ വ്യവഹാരങ്ങൾക്കും ഇത്തരം മാറി നിൽക്കലുകൾ ഇടം നൽകുന്നുണ്ട്. ചിൽഗ്രോവ് ഇത്തരം കൂടിച്ചേരലുകളുടെ നാളത്തെ മുഖമാണ്.

## പുരോഗതി

TIPS

PEOPLE N SPACE

നാളെയെ വാർത്തെടുക്കാൻ മനുഷ്യനുള്ള കഴിവാണ് ഈ ലോകത്തിന്റെ വളർച്ചയുടെ അടിസ്ഥാനം. മനുഷ്യ പുരോഗതിയുടെ ആണിക്കല്ല് കൺസ്ട്രക്ഷനും നവ നിർമിതിക ളുടെ ഡിസൈനുമാണ്. അതു നാളെയെ സ്വപ്നം കാണുകയും വികസിപ്പിക്കുകയും ചെയ്യുന്നു



പുതിയ സ്വപ്നങ്ങൾ കാണാൻ യുവതയെ പ്രോചോദിപ്പിച്ചു കൊണ്ടിരിക്കുന്ന നഗരമായിരിക്കും മർകസ് നോളജ് സിറ്റി. കൾച്ചറൽ സെന്റർ എല്ലാ നിലക്കും ഈ നഗരത്തിന്റെ ന്യൂക്ലിയസായിരിക്കും. ഉറപ്പിച്ചു പറയാനാവും; ചരിത്രത്തിന്റെ ആവർത്തനവും നിർമ്മാണവുമാണ് ഇവിടെ നടക്കാൻ പോകുന്നത്.

**ഡോ. അബ്ദുസലാം, സി.ഇ.ഒ., മർകസ് നോളജ് സിറ്റി**



കൾച്ചറൽ സെന്റർ പോലുള്ള അതുല്യമായ പദ്ധതിയെ ഏറ്റെടുത്തത് സാഹസികം എന്ന് തോന്നിക്കും. എന്നാൽ, അത് വിജയിപ്പിച്ചെടുക്കുന്നതിലൂടെ ടാലൻമാർക് നമ്മെ ആശ്ചര്യപ്പെടുത്തി കൊണ്ടിരിക്കുന്നു.

**ദാർവിഷ് കരീം മുഹമ്മദ്, ചെയർമാൻ, ദാർവിഷ് ആർകിടെക്ട്സ്**



സമകാലിക വാസ്തുവിദ്യയുടെ നവീനത കളെ ഉൾച്ചേർത്താണ് പീപ്പിൾ ആൻഡ് സ്പേസ് കമ്പനിയുടെ പ്രൊജെക്ടുകൾ ഉണ്ടാകുന്നത്. ടാലന്മാർക്കിനെ പോലെ അങ്ങേയറ്റം നവീനമായ ആശയങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന നിർമാതാക്കൾക്കൊപ്പം പ്രവർത്തിക്കുന്നത് സന്തോഷം നൽകുന്ന കാര്യമാണ്. നല്ല ആർക്കിടെക്ടുകളെയും അവരുടെ ആശയങ്ങളെയും സമൂഹം ഇരു കയ്യും നീട്ടി സ്വീകരിക്കുമെന്നതാണ് ഞങ്ങളുടെ അനുഭവം.

**അഹമ്മദ് അഫ്‌ലഹ്, ഡയറക്ടർ, പീപ്പിൾ ആൻഡ് സ്പേസ്**



വിശ്വസ്തതയും കാര്യക്ഷമതയും ആണ് ടാലൻമാർക് പ്രോജെക്ടസിന്റെ അടിസ്ഥാന തത്വങ്ങൾ. കൺസ്ട്രക്ഷൻ ആൻഡ് കോൺട്രാക്ടിങ് രംഗത്ത് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്നു മാറ്റങ്ങളേയും വളർച്ചയെയും ഞങ്ങൾ പഠിക്കുകയും വിലയിരുത്തുകയും ചെയ്യുന്നു.

**മുഹമ്മദ് അലി, ഡയറക്ടർ, ടാലൻമാർക് പ്രോജെക്ടസ്**



# ചരിത്രം പിറന്നു


TALENMARK
DEVELOPERS
markaz
KNOWLEDGE
CITY
SOUK
SOUK
HANDING
OVER
CEREMONY

മർക്കസ് നോളജ് സിറ്റിയിലെ കൾച്ചറൽ സെന്റർ സൂക്കിലെ ഷോപ്പുകൾ ഉടമകൾക്ക് കൈമാറി. മലബാറിന്റെ സാംസ്കാരിക വിനിമയങ്ങളുടെ ചരിത്രത്തിൽ നിന്നും ഊർജ്ജം കൊണ്ട് പുതിയ കാലത്തെ മുഴുവൻ വിപണന സാധ്യതകളേയും പ്രയോജനപ്പെടുത്തിയാണ് സൂക്ക് നിർമിച്ചിരിക്കുന്നത്. സൂക്കിലെ നിക്ഷേപകരും സംരംഭകരും ഒരുമിച്ച ചടങ്ങിൽ 20 ഷോപ്പുകളുടെ താക്കോൽ ദാനം അജ്മീർ ദർഗയിൽ നിന്നുള്ള ശൈഖ് അല്ലാമാ സയ്യിദ് മുഹമ്മദ് മഹ്ദി മിയാൻ ചിശ്ത്തി നിർവഹിച്ചു.

സൂഫികളും വണിക്കുകളും ചേർന്നെഴുതിയ സംസ്കാരങ്ങളാണ് കഴിഞ്ഞ കാലങ്ങളിൽ നാഗരികതയെ പടുത്തുയർത്തിയതെന്നും നോളജ് സിറ്റിയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്ന സംസ്കാരം സൂക്കിലൂടെയാണ് പുറംലോകം അറിയാൻ പോകുന്നതെന്നും ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മർക്കസ് നോളജ് സിറ്റി മനേജിംഗ് ഡയറക്ടർ ഡോ മുഹമ്മദ് അബ്ദുൾ ഹകീം അസ്ഹരി പറഞ്ഞു. ടാലെൻമാർക്ക് ഡയറക്ടർമാരായ എൻ ഹിബത്തുള്ള, എം ഹബീബുർറഹ്മാൻ, മുഹമ്മദ് ഷക്കീൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. സൂക്കിൽ പരമ്പരാഗത അറേബ്യൻ മാതൃകയിലുള്ള കച്ചവട ഇടങ്ങളാണ് തുറന്നു വെച്ചിരിക്കുന്നതെന്ന് എൻ. ഹിബത്തുള്ള പറഞ്ഞു. പ്രാദേശികമായ പുതിയ ബ്രാൻഡുകൾ സൃഷ്ടിച്ചുകൊണ്ട് അവയെ ആഗോള ബ്രാൻഡുകളാക്കി വളർത്തിയെടുക്കുകയാണ് സൂക്കിന്റെ വിജയലക്ഷ്യമെന്ന് എം. ഹബീബുർറഹ്മാൻ അറിയിച്ചു.

ലോക ചരിത്രത്തിൽ ഇടം പിടിച്ച പരമ്പരാഗത സൂക്കുകളുടെ പുനരാവിഷ്കരമാണ്  മർക്കസ് നോളജ് സിറ്റിയിലെ കൾച്ചറൽ സെന്ററിൽ ഇപ്പോൾ സ്ഥാപിതമായിരിക്കുന്നത്. കൾച്ചറൽ സെന്ററിന്റെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണ് സൂക്ക് എന്ന സങ്കൽപ്പം തന്നെ ഉണ്ടാവുന്നത്. റോയൽ റിച്ച് കോൺസെപ്റ്റിനെ ഉൾക്കൊണ്ടുകൊണ്ട് വിശിഷ്ടമായ ഡിസൈനുകളിൽ തീർത്ത 150ൽ പരം ഷോപ്പുകളുണ്ട് ഇവിടെ. പരമ്പരാഗത സൂക്കിന്റെ ആധികാരികത നിലനിർത്തി കൊണ്ടുതന്നെ അതേസമയം പരമ്പരാഗത ഷോപ്പിങ് മാളുകളിൽ നിന്ന് വ്യത്യസ്തമായി അതിനൂതന ഡിസൈനുകളിൽ തീർത്തതാണ് കൾച്ചറൽ സെന്ററിലെ സൂക്കുകൾ. ഇന്ത്യോനേഷ്യയിൽ നിന്നും മർക്കസ് നോളജ് സിറ്റിയിലെത്തിയ ന്യാതോ മരങ്ങളുപയോഗിച്ചാണ് സൂക്കിലെ ഇൻറീരിയർ ഇൻസ്റ്റലേഷൻ പൂർത്തിയാക്കിയിരിക്കുന്നത്. വ്യാപാരം കൂടാതെ വിനോദത്തിനും ചർച്ചകൾക്കും കൂടിയൊരു വേദിയായിരിക്കും  സൂക്ക്. സാംസ്കാരിക പ്രവർത്തനങ്ങളും വാണിജ്യവ്യവസായങ്ങളും ആത്മീയ സദസ്സുകളും ഒരുമിച്ചു വരുന്ന വ്യതിരിക്തമായ ഒരിടത്തിന്റെ നിർമാണമാണ് കൾച്ചറൽ സെന്റർ സൂക്കിലൂടെ ടാലന്മാർക് സാക്ഷാത്കരിച്ചിരിക്കുന്നത്. ○


> **ലോക ചരിത്രത്തിൽ ഇടം പിടിച്ച പരമ്പരാഗത സൂക്കുകളുടെ പുനരാവിഷ്കരമാണ് മർക്കസ് നോളജ് സിറ്റിയിലെ കൾച്ചറൽ സെന്ററിൽ ഇപ്പോൾ സ്ഥാപിതമായിരിക്കുന്നത്.**






# ചിൽഗ്രോവ് : ഹോസ്പിറ്റാലിറ്റിയുടെ പുതിയ മുഖം

പ്രകൃതി ഭംഗികൊണ്ട് മനോഹരിയായ വയനാട്ടിലെ വൈത്തിരിയിൽ സമുദ്ര നിരപ്പിൽ നിന്ന് 2500 അടി ഉയരത്തിൽ പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിലായി ജൈവൈവിധ്യമാർന്ന വനത്തിന് നടുവിലാണ് ചിൽഗ്രോവ് സ്ഥിതി ചെയ്യുന്നത്. ചിൽഗ്രോവിൽ 24 വില്ലകളാണ് ഉള്ളത്. ബ്രിട്ടീഷ് വാസ്തുശിൽപങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഫ്രഞ്ച് നിർമ്മാണ ശൈലിയിലാണ് റിസോർട്ടുകൾ നിർമ്മിച്ചിരിക്കുന്നത്. യുവ പ്രൊഫഷണലുകൾക്കായി 517 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള 'സ്റ്റുഡിയോ', ബിസിനസു കാർക്കുവേണ്ടി 984 സ്ക്വയർ ഫീറ്റുള്ള 'മോണോ', കുടുംബത്തോടൊപ്പം അവധിക്കാലം ചെലവിടുന്നതിനായി 1365 സ്ക്വയർ ഫീറ്റുള്ള 'ഡ്യൂ' എന്നിങ്ങനെ മൂന്ന് രീതിയിലാണ് ചിൽഗ്രോവിന്റെ നിർമ്മാണം. കൂടാതെ വിനോദസഞ്ചാരികൾക്കായി റൂഫ് ഗാർഡൻ, റെസ്റ്റോറന്റ്, ജോഗിംഗ് ട്രാക്ക്, സ്നൂക്കർ, ആർട്ട് ഗാലറി, ബാസ്കറ്റ് ബോൾ കോർട്ട്, ബാഡ്മിന്റൺ കോർട്ട്, ഫയർ ക്യാമ്പ്, സോന, സ്റ്റീം ബാത്ത്, കോൺഫറൻസ് ഹാൾ, ക്ലബ്ബ് ഹൗസ്, ജിം, സ്വിമ്മിംഗ് പൂൾ, എന്നിവയും ഒരുക്കിയിട്ടുണ്ട്. കോഴിക്കോട്

**ടാലെൻമാർക്കിന്റെ റിയൽ എസ്റ്റേറ്റ് റിസോർട്ട് കൺസെപ്റ്റാണ് ചിൽഗ്രോവ്. സേഫ് ഇൻവെസ്റ്റ്മെന്റോടുകൂടിയ പ്രോപ്പർട്ടി പർച്ചേസായിരിക്കും ചിൽഗ്രോവിലൂടെ നടക്കുന്നത്.**

നഗരത്തിൽ നിന്ന് രണ്ട് മണിക്കൂറിനുള്ളിൽ ഡ്രൈവ് ചെയ്ത് എത്താൻ കഴിയുന്ന സ്ഥലത്താണ് ചിൽഗ്രോവ് റിസോർട്ടുകൾ.

ടാലെൻമാർക്കിന്റെ റിയൽ എസ്റ്റേറ്റ് റിസോർട്ട് കൺസെപ്റ്റാണ് ചിൽഗ്രോവ്. സേഫ് ഇൻവെസ്റ്റ്മെന്റോടുകൂടിയ പ്രോപ്പർട്ടി പർച്ചേസായിരിക്കും ചിൽഗ്രോവിലൂടെ നടക്കുന്നത്. റിസോർട്ടിന്റെ പാർട്ട്ണറാകുന്നു. ഓണറാകുന്നു. പിന്നീട് ബിസിനസ്സ് നടത്തുന്നു. ബിസിനസ്സിന്റെ ഭാഗമായികൊണ്ട് മാസം വരുമാനം തിരികെ ലഭിക്കുന്ന രീതിയിലുള്ള പ്രോജക്ടാണ് ചിൽഗ്രോവ്. വയനാടിന്റെ സേവനങ്ങൾ, കാലാവസ്ഥ, റൂഫ് ടോപ് പാഷിയോ, ഇവയെല്ലാം പരമാവധി അനുഭവവേദ്യമാകാൻ കഴിയുന്ന രീതിയിലാണ് ചിൽഗ്രോവിന്റെ നിർമ്മാണം.



**ചിൽഗ്രോവ് റിസോർട്ടുകളുടെ അവസാനഘട്ട നിർമ്മാണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ഹോസ്പിറ്റാലിറ്റിയുടെ ഒരു പുതിയ സംസ്കാരം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രീലോഞ്ച് സ്റ്റേ ആരംഭിച്ചു.**



തികച്ചും വ്യത്യസ്തമായ അനുഭവം നല്കുന്നതിനായിരിക്കും ചിൽഗ്രോവിൽ ഇനിയുള്ള കാലത്ത് ടാലന്മാർക്കിന്റെ ശ്രദ്ധ. നിർമ്മാണത്തിനപ്പുറത്തേയ്ക്ക് നടത്തിപ്പിലും കൈയ്യൊപ്പ് പകർത്തുന്ന രീതിയിലായിരിക്കും ചിൽഗ്രോവിൽ ഇനിയുള്ള ടാലെൻമാർക്കിന്റെ പ്രവർത്തനങ്ങൾ.

വയനാടിന്റെ സാംസ്കാരിക അംശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ടാലന്മാർക്ക് റെസ്പോൺസിബിൾ ടൂറിസത്തിലേക്കും വരികയാണ്. വയനാടിന്റെ തദ്ദേശീയ ഉൽന്നങ്ങളേയും സംസ്കാരത്തേയും ആഗോള തലത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഓരോരോ ജില്ലകളിലും അവിടുത്തെ സംസ്കാരത്തെ കാണിക്കാൻ കഴിയുന്ന സ്പേയ്സുകൾ ഉണ്ടാക്കിയെടുക്കണമെന്നത് ടാലൻമാർക്കിന്റെ ആത്യന്തിക ലക്ഷ്യങ്ങളിലൊന്നാണ്.

# Watch the talk!

Visit our social channels to watch the civilization in conversation




TALENTALKS
conversation with civilizations

# It's time to chill

Chilgrove offers unique opportunity with high return on investment.
Invest on the villa resorts with world-class amenities and services.

Own a resort now.







chilgrove
resort villas

8606 00 11 00
www.talenmark.com